PALAKKAD
Rupatha Bulletin




Editor
**Fr. Jaimon Pallineerakkal**

Published by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed by
**JIM Offset, Palakkad**

Reg. No. KERMAL14748/11/01/2011-TC
Annual Subscription: Rs. 200

# ഉള്ളടക്കം

ഇടയലേഖനം............................................. 03
വിജ്ഞാപനം– രൂപതാദിനം........................ 08
വിജ്ഞാപനം– വാർഷികധ്യാനം................. 09
ഡോക്ട്രിനൽ കമ്മീഷൻ – സർക്കുലർ...... 11
Bishop's Engagement................................ 15
From the Bishop's Office........................... 16
പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്......... 17
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്.............. 19
നിത്യാരാധനാ കപ്പേള................................. 22
വിശ്വാസപരിശീലനവേദി.............................. 23
ബൈബിൾ അപ്പോസ്റ്റലേറ്റ്.......................... 27
അൾത്താരസംഘം..................................... 29
തിരുബാലസഖ്യം........................................ 30
നവീകരണമുന്നേറ്റം.................................... 31
ചെറുപുഷ്പ മിഷൻ ലീഗ്............................. 33
കെ.സി.വൈ.എം....................................... 34
സി.എൽ.സി............................................. 34
ഫാമിലി അപ്പോസ്റ്റലേറ്റ്.............................. 37
കുടുംബകൂട്ടായ്മ...................................... 38
മാതൃസംഘം............................................. 39
C.W.W.C.................................................... 43
സെഹിയോൻ ധ്യാനകേന്ദ്രം........................ 43
പി. എസ്. എസ്. പി.................................... 44
From the Bishop's Diary............................ 50

387/2011
30-08-2011

# ഇടയലേഖനം-113

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

പ്രേഷിത വർഷത്തിന്റെ രൂപതാതല ഉദ്ഘാടനം കഴിഞ്ഞ മാസം 15-ാം തിയ്യതി നടത്തപ്പെട്ടല്ലോ. പ്രേഷിത വർഷം ആചരിക്കുന്നതിന്റെ സാഹചര്യത്തെപറ്റിയും അതിന്റെ ഉദ്ദേശലക്ഷ്യങ്ങളെപ്പറ്റിയും നമ്മുടെ ശ്രേഷ്ഠ മെത്രാപ്പോലീത്തയുടെ ഇടയലേഖനത്തിൽ നിന്ന് നാം മനസ്സിലാക്കി.

മിഷൻ എന്ന വാക്കിന്റെ അർത്ഥം 'ദൗത്യം' എന്നാണ്. സഭയ്ക്ക് ആകെ ഒരു മിഷനെ ഉള്ളൂ. കർത്താവ് തന്നെയാണ് ആ മിഷൻ അഥവാ ദൗത്യം സഭയെ ഭരമേൽപ്പിച്ചത്. നാലു സുവിശേഷങ്ങളിലും നടപടി പുസ്തകത്തിലും കല്പന രൂപത്തിൽ ഈശോ നൽകിയ ദൗത്യത്തെപ്പറ്റി നാം വായിക്കുന്നുണ്ട്. "ആകയാൽ നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ:" ഇതായിരുന്നു അവിടുത്തെ കല്പന. "എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു" എന്നാണ് ഈശോ ശിഷ്യന്മാരോട് പറഞ്ഞത്. പിതാവായ ദൈവം ഈശോയ്ക്ക് നൽകിയ അതേ ദൗത്യമാണ് അവിടുന്ന് തന്റെ ശിഷ്യന്മാർക്കും അവരിലൂടെ ഓരോ ക്രൈസ്തവനും നൽകിയിരിക്കുന്നത്. അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളും അനേകം പ്രേഷിതരും സുവിശേഷവൽക്കരിക്കാൻ പരിശ്രമിച്ചതിന്റെ ഫലമായിട്ടാണ് സഭ ഇന്ന് ലോകമെങ്ങും വ്യാപിച്ചിരിക്കുന്നത്. മാർത്തോമ്മാശ്ലീഹായുടെ തീക്ഷ്ണത നിറഞ്ഞ പ്രേഷിത പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഭാരതത്തിൽ, പ്രത്യേകിച്ച് കേരളത്തിൽ സഭ ജന്മമെടുത്തത്. തോമ്മാശ്ലീഹായുടെ പ്രേഷിത തീക്ഷ്ണത ഉൾക്കൊണ്ട് വളരെയേറെ മാർത്തോമ്മാക്രിസ്ത്യാനികൾ ഭാരതത്തിലും വിദേശത്തും മിഷനറിമാരായി പ്രവർത്തിച്ചു. ഇന്നും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അടുത്തകാലത്ത് വിശ്വാസികളുടെ പ്രേഷിത തീക്ഷ്ണത കുറഞ്ഞതിനാൽ മിഷൻ പ്രവർത്തനങ്ങൾ തളർന്നിട്ടുണ്ട്. അതിനാൽ നമ്മുടെ പ്രേഷിത ചൈതന്യത്തെ ഉജ്ജ്വലിപ്പിക്കുന്നതിന് ദൈവമൊരുക്കിയ അവസരമായി ഈ പ്രേഷിത വർഷത്തെ നാം കാണണം. വിവിധസ്ഥലങ്ങളിൽ പ്രേഷിത പ്രവർത്തനത്തിൽ വ്യാപൃതരായിരിക്കുന്നവരെ സഹായിക്കുന്നതും പ്രേഷിത പ്രവർത്തനമാണ്. അതുവഴി പ്രേഷിത ചൈതന്യത്തിൽ വളരാൻ നമുക്ക് സാധിക്കും.

പ്രേഷിത സഹകരണത്തിനുള്ള ഒന്നാമത്തെ മാർഗ്ഗം പ്രാർത്ഥനയാണ്. മിഷനറിമാരുടെ പ്രവർത്തനം ഫലപ്രദമാകാൻ നാം അവരെ നമ്മുടെ പ്രാർത്ഥനവഴി സഹായിക്കണമെന്ന് വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ പാപ്പ നമ്മെ ആഹ്വാനം ചെയ്യുന്നുണ്ട് (RM 78). മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് പ്രേഷിത പ്രവർത്തനത്തിനുള്ള നമ്മുടെ കടമ നമുക്ക് നിറവേറ്റാൻ സാധിക്കും. വിശുദ്ധ കൊച്ചുത്രേസ്യ ഇക്കാര്യത്തിൽ നമുക്കു മാതൃകയാണ്. അവൾ മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിക്കുകമാത്രമല്ല, ചെറുതും വലുതുമായ സഹനങ്ങൾ അവർക്കുവേണ്ടി കാഴ്ചവെയ്ക്കുകകൂടി ചെയ്തു. നമ്മുടെ സഹനങ്ങൾ പ്രേഷിത പ്രവർത്തനത്തിന്റെ വിജയത്തിനായി കാഴ്ചവെച്ചാൽ ഫലമുണ്ടാകും. മിഷൻ പ്രവർത്തനത്തെ സാമ്പത്തികമായും നാം സഹായിക്കണം. ചാന്ദാ രൂപതയെ പറ്റിയുള്ള ഒരു സംപ്രേഷണം ശാലോം ടി.വിയിൽ ഞാൻ കാണുകയുണ്ടായി. അവിടുത്തെ ജനങ്ങളുടെ സ്ഥിതി എത്രയോ ദയനീയമാണെന്ന് അത് കണ്ടവർക്കെല്ലാം ബോധ്യമായിക്കാണും. അവരെ പോലെയുള്ളവരുടെ സമഗ്രവിമോചനത്തിനുവേണ്ടി പ്രവർത്തിക്കുന്ന മിഷനറിമാർക്ക് നമ്മുടെ സാമ്പത്തിക സഹായം ആവശ്യമാണ്.

പ്രേഷിത സഹകരണത്തിന്റെ സുപ്രധാനമായ ഘടകം പ്രേഷിത ദൈവവിളിയെ പ്രോത്സാഹിപ്പിക്കുക എന്നതാണ്. വിളവു വളരെയുണ്ട് പക്ഷെ വേലക്കാർ ചുരുക്കമാണ്. പ്രേഷിത ദൈവവിളിയെ പ്രോത്സാ

ഹിപ്പിക്കുന്നത് പ്രേഷിത സഹകരണത്തിന്റെ കേന്ദ്രബിന്ദുവാണ് (RM) സഭയുടെ പ്രേഷിത ദൗത്യത്തെക്കുറിച്ചും വിവിധ പ്രേഷിത രംഗങ്ങളെക്കുറിച്ചും അറിവ് നൽകുന്ന മാസികകൾ പ്രചരിപ്പിക്കുന്നതും പ്രേഷിത സഹകരണത്തിന്റെ ഭാഗമാണ്. മിഷൻ പ്രദേശങ്ങൾ സന്ദർശിക്കുന്നതും പ്രേഷിത ചൈതന്യം വളർത്താൻ സഹായിക്കും. സാധിക്കുന്നവരെല്ലാം ഈ പ്രേഷിത വർഷത്തെ അതിനുള്ള അവസരമായി കാണണം

മേൽപ്പറഞ്ഞവ ചെയ്തതുകൊണ്ടുമാത്രം നാം നമ്മുടെ കടമ നിറവേറ്റുന്നില്ല. നാമോരോരുത്തരും മിഷനറിമാരാകാണം. മാമ്മോദീസ സ്വീകരിച്ചതുവഴി നാം ഓരോരുത്തരും പ്രേഷിതത്വത്തിലേയ്ക്ക് വിളിക്കപ്പെട്ടവരാണ്. മിഷനറി എന്ന വാക്കിന്റെ അർത്ഥം 'അയയ്ക്കപ്പെട്ട വ്യക്തി' എന്നാണ്. നാം ഓരോരുത്തരും ഈശോയ്ക്ക് സാക്ഷ്യം വഹിക്കാൻ അയയ്ക്കപ്പെട്ടവരാണ്. പ്രേഷിത പ്രവർത്തനം നമ്മുടെ ഓരോരുത്തരുടേയും അവകാശവും കടമയുമാണ്. പ്രേഷിത പ്രവർത്തനത്തിന്റെ വിവിധ രീതികൾ ജീവിത സാക്ഷ്യം, സജീവമായ സുവിശേഷപ്രഘോഷണം, ദൈവവചന ശുശ്രൂഷ, മതബോധനം, സമ്പർക്കമാദ്ധ്യമങ്ങളുടെ ഉപയോഗം, വ്യക്തിപരമായ സമ്പർക്കം, കൂദാശകൾ, ഭക്തകൃത്യങ്ങൾ എന്നിവയാണ് (EN). സഭയുടെ ഈ വീക്ഷണമനുസരിച്ച് പ്രേഷിത പ്രവർത്തനത്തിനുള്ള ഒന്നാമത്തെ മാർഗ്ഗം യഥാർത്ഥ ക്രിസ്തീയ ജീവിതം നൽകപ്പെടുന്ന സാക്ഷ്യമാണ്. നമ്മുടെ ഓരോരുത്തരുടെയും ജീവിതം തന്നെ സുവിശേഷപ്രഘോഷണമാകണം." എല്ലായിപ്പൊഴും സുവിശേഷം പ്രഘോഷിക്കുക അത്യാവശ്യമുള്ളപ്പോൾ മാത്രം വാക്കുകൾ ഉപയോഗിക്കുക" എന്ന അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ ഉപദേശത്തിന്റെ പൊരുൾ അതാണ്. സുവിശേഷാനുസൃത ജീവിതമാണ് ഏറ്റവും ഫലപ്രദമായ സുവിശേഷപ്രഘോഷണം. "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്. മലമുകളിൽ പണിതുയർത്തിയ പട്ടണത്തെ മറച്ചുവയ്ക്കുക സാദ്ധ്യമല്ല. വിളക്കുകൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല. പീഠത്തിന്മേലാണ് വയ്ക്കുക. അപ്പോൾ അത് ഭവനത്തിലുള്ള എല്ലാവർക്കും പ്രകാശം നൽകുന്നു" (മത്താ 5:14-15). നമ്മെ ഉദ്ദേശിച്ചുള്ള ഈ തിരുവചനങ്ങൾ നമ്മുടെ പ്രത്യേക ധ്യാനവിഷയമാകണം. യേശുവിന്റെ പ്രകാശം നാം പരത്തുന്നുണ്ടോ? നമ്മുടെ ഭവനത്തിലുള്ളവർക്കും നമ്മെ പരിചയപ്പെടുന്നവർക്കും ആ പ്രകാശം കാണുവാൻ സാധിക്കുന്നുണ്ടോ? മനുഷ്യർ





നമ്മുടെ സൽപ്രവർത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന് നമ്മുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കേണ്ടതല്ലേ? (മത്താ 5:16). നാമോരോരുത്തരും സത്യവെളിച്ചമായ ഈശോയ്ക്ക് സാക്ഷ്യം വഹിക്കേണ്ടവരല്ലേ? "നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കുവിൻ": പ്രേഷിത വർഷത്തിൽ ഈശോ നമുക്കോരോരുത്തർക്കും പ്രത്യേക വിധം നൽകുന്ന ആഹ്വാനം അതാണ്.

പ്രേഷിതവർഷാചരണത്തെപ്പറ്റി രൂപതാവൈദിക സമിതിയിലും പാസ്റ്ററൽ കൗൺസിലിന്റേയും കൈക്കാരന്മാരുടേയും സംയുക്തസമ്മേളനത്തിലും സംഘടനാ തലങ്ങളിലും ചർച്ച ചെയ്തു. രൂപതയിൽ നടപ്പിലാക്കേണ്ട പ്രവർത്തന പരിപാടികളെപറ്റി ക്രിയാത്മകമായ നിർദ്ദേശങ്ങൾ പ്രസ്തുത ചർച്ചകളിൽ ഉരുത്തിരിഞ്ഞു. അവയും അവയോടനുബന്ധമായ കാര്യങ്ങളും ഞാൻ നിങ്ങളെ അറിയിക്കുകയാണ്.

മതബോധന ഡിപ്പാർട്ടുമെന്റും മാതൃസംഘം, സി.എം.എൽ., സി.എൽ.സി., കെ. സി.എസ്.എൽ., കെ.സി.വൈ.എം. എന്നീ സംഘടനകളും സംയുക്തമായി ആളുകളുടെ പ്രായഭേദമനുസരിച്ച് മിഷൻ ബോധവത്ക്കരണ സെമിനാറുകൾ, ദൈവവിളി ക്യാമ്പുകൾ, ലേഖനം, ചെറുകഥ, ക്വിസ് മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ബഹു. വികാരിയച്ചന്മാർ ഇടവകയിൽ പ്രേഷിത ആഭിമുഖ്യമുള്ള കുട്ടികളുമായി വ്യക്തിബന്ധം പുലർത്തുകയും അവരെ പ്രോത്സാഹിപ്പിക്കുകയും അവരുടെ പേരും അഡ്രസ്സും ഈ വർഷം തന്നെ ദൈവവിളി പ്രമോട്ടർക്ക് അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്. കുടുംബസമ്മേളനങ്ങളിൽ പ്രേഷിത ദൗത്യത്തെ പ്രതിപാദിക്കുന്ന ലഘുലേഖകൾ നൽകി ഫലപ്രദമായ ചർച്ചകൾ ഒക്ടോബർ മാസം മുതൽ ആരംഭിക്കുവാൻ ക്രമീകരണം ചെയ്തിട്ടുണ്ട്. കൂടാതെ, ഫൊറോന അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന കൺവെൻഷനിലും ഈ വിഷയം വ്യാപകമായി ചർച്ചചെയ്യപ്പെടുന്നതാണ്. പ്രേഷിത പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി ഇടവകധ്യാനം നടത്തുവാൻ സഹായിക്കുന്ന വൈദികരുടെ രണ്ട് ടീം 2012 ജനുവരി മുതൽ സജ്ജമാകുന്നതാണ്. ഇവരുടെ ശുശ്രൂഷ ഇടവകകളിൽ പ്രയോജനപ്പെടുത്താൻ വേണ്ട ക്രമീകരണങ്ങൾ കൂടി ചെയ്യാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കണം

മിഷൻ പ്രദേശങ്ങളിൽ സേവനം ചെയ്യുന്ന മിഷനറിമാർ ഇടവകയിൽ വരുമ്പോൾ അവരുടെ പ്രവർത്തനങ്ങളും ജീവിതവും ഇടവകജനത്തിന് പരിചയപ്പെടുത്തുന്നത് മിഷൻ ആഭിമുഖ്യം വളർത്തുവാൻ

ഉപകരിക്കും. പ്രേഷിത വർഷാചരണത്തിന്റെ വിജയത്തിനായി നമ്മുടെ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനക്കുശേഷവും വീടുകളിൽ സന്ധ്യാപ്രാർത്ഥനക്കുശേഷവും ഇതിനായി നൽകപ്പെട്ടിട്ടുള്ള പ്രാർത്ഥന ചൊല്ലേണ്ടതാണ്. ഇതിനായുള്ള പ്രാർത്ഥന രൂപതാകാര്യലയത്തിൽ നിന്നും നൽകപ്പെട്ടിട്ടുണ്ടല്ലോ. മിഷൻ രാജ്യങ്ങളിലെ പ്രവർത്തനങ്ങൾ നമ്മുടെ ഇടവക സമൂഹത്തിന് പരിചയപ്പെടുത്തിക്കൊടുക്കുന്ന സി.ഡി. പ്രദർശനം സി.എം.എൽ ന്റെ ആഭിമുഖ്യത്തിൽ നടത്തുവാനും ഏർപ്പാട് ചെയ്തിട്ടുണ്ട്. പ്രേഷിത പ്രവർത്തനത്തിന്റെ സ്മരണികയായി നമ്മുടെ രൂപതയുടെ അകത്തും പുറത്തും സേവനം ചെയ്യുന്ന പ്രേഷിതരുടെ ഡയറക്ടറി തയ്യാറാക്കുന്നുണ്ട് ഇക്കാര്യം ബഹു. വികാരിയച്ചന്മാർ പള്ളിയിൽ അറിയിക്കുകയും ഇതിനായി തയ്യാറാക്കിയ ഫോമിൽ ബന്ധപ്പെട്ട വീട്ടുകാരിൽ നിന്നും പൂർണ്ണവിവരങ്ങൾ എഴുതി വാങ്ങിച്ച് ഡിസംബർ 15ന് മുമ്പ് ബഹു. വികാരിജനറാൾ അച്ചനെ ഏല്പ്പിക്കുകയും ചെയ്യേണ്ടതാണ്.

പ്രേഷിതവർഷാചരണത്തിന്റെ വിജയത്തിനുവേണ്ടിയുള്ള കർമ്മ പരിപാടികളിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു. “സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം” (റോമ 10:15) എന്ന തിരുവചനം ഹൃദയത്തിൽ കാത്ത് വചനപ്രഘോഷണം ജീവിതസാക്ഷ്യം മറ്റു പ്രവർത്തനങ്ങൾ എന്നിവ വഴി ഈശോയുടെ യഥാർത്ഥ പ്രേഷിതരായി തീരാൻ അവിടുന്ന് നമ്മെ അനുഗ്രഹിക്കട്ടെ. പ്രേഷിത വർഷാചരണം അതിനു നമ്മെ സഹായിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം **സെപ്റ്റംബർ 11-ാം** തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.





388-2011
30.08.11

# വിജ്ഞാപനം - 105

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

നമ്മുടെ രൂപത ഉദ്ഘാടനം ചെയ്യപ്പെട്ടത് 1974 സെപ്റ്റംബർ 8-ാം തിയ്യതിയാണല്ലോ. തുടർന്നുള്ള വർഷങ്ങളിൽ സെപ്റ്റംബർ 8 ഞായറാഴ്ചയാണെങ്കിൽ അന്നോ അല്ലെങ്കിൽ അതിനുശേഷം വരുന്ന ഞായറാഴ്ചയോ രൂപതാദിനമായി നാം ആചരിച്ചുപോരുകയാണ്. ഈ വർഷത്തെ രൂപതാദിനം സെപ്റ്റംബർ 11-ാം തിയ്യതിയാണ്.

ആരാധനാ ക്രമപ്രകാരം നാമിപ്പോൾ കൈത്താക്കാലത്തിലാണ്. സഭയുടെ വളർച്ചയെയാണ് ഇക്കാലത്ത് നാം അനുസ്മരിക്കുന്നത്. സഭയോടൊത്തു ചിന്തിക്കുവാനും അവളുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്ത് പങ്കാളികളാകാനുമുള്ള സൻമനസ്സ് നിന്റെ ജനത്തിന് നൽകണമെന്ന് ഇക്കാലത്ത് നാം പ്രാർത്ഥിക്കുന്നുണ്ട്. പ്രാദേശിക സഭയായ ഈ രൂപതയോടൊത്ത് സഭാമക്കൾ ചിന്തിക്കുകയും അതിന്റെ പ്രവർത്തനങ്ങളിൽ അവരെല്ലാം കഴിവിനൊത്ത് പങ്കാളികളാവുകയും ചെയ്തതിന്റെ ഫലമായിട്ടാണ് രൂപത വളർന്നത്. അവരുടെ കൂട്ടായ്മയും സഹകരണ മനോഭാവവും നമുക്ക് മാതൃകയും പ്രചോദനവുമാണ്. സഭയോടൊത്ത് ചിന്തിക്കുവാനും സഭയോട് സഹകരിച്ച് പ്രവർത്തിക്കുവാനും നാം തയ്യാറായാൽ സഭ തുടർന്നും വളരും. സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമെ; വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. രൂപതയെ വളർത്തിയ ദൈവത്തിന് നന്ദി പറയാം. ദൈവത്തിന്റെ കൂട്ടുവേലക്കാരായി അത്യദ്ധ്വാനം ചെയ്ത അഭിവന്ദ്യ ജോസഫ് ഇരിമ്പൻ പിതാവിനെയും സഹശുശ്രൂഷകരെയും കൃതജ്ഞതയോടെ അനുസ്മരിക്കാം. അവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

രൂപതാ ദിനാചരണം സവിശേഷമാം വിധം നവംബർ മാസം 12-ാം തിയ്യതി ശനിയാഴ്ച നടത്തുന്നതാണ്. നമ്മുടെ ശ്രേഷ്ഠ മെത്രാപ്പോലീത്ത മാർ ജോർജ്ജ് ആലഞ്ചേരിപിതാവും അതിൽ സംബന്ധിക്കുന്നതാണ്. അതിന്റെ വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. ഏവർക്കും രൂപതാദിനാത്തിന്റെ മംഗളങ്ങൾ നേരുന്നു ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ വിജ്ഞാപനം **സെപ്റ്റംബർ 11-ാം** തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

389-2011
30.08.11

# വിജ്ഞാപനം - 106

വന്ദ്യ സഹോദര വൈദികരെ,

നമ്മുടെ രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനം 2011 സെപ്തംബർ 12-ാം തിയ്യതി തിങ്കളാഴ്ച വൈകുന്നേരം 7.00 മണിക്ക് ആരംഭിച്ച് 17-ാം തീയതി ശനിയാഴ്ച രാവിലെ അവസാനിക്കുന്നതാണ്. പതിവുപോലെ യുവക്ഷേത്രയിൽ വെച്ചാണ് ധ്യാനം നടക്കുന്നത്. ധ്യാനം അനുഗ്രഹപ്രദമാകുന്നതിന് നമ്മൾ പ്രാർത്ഥിക്കുകയും ജനങ്ങളുടെ പ്രാർത്ഥനാസഹായം തേടുകയും വേണം. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ പിതാവാണ് ധ്യാനഗുരു. അദ്ദേഹത്തിനുവേണ്ടിയും നമുക്കു പ്രാർത്ഥിക്കാം.

**ധ്യാനത്തിനുവരുമ്പോൾ കൊണ്ടുവരേണ്ടവ:**

- കുർബാന കണക്കുപുസ്തകം.
- കുമ്പസാര അനുവാദപത്തേന്തി.
- ബൈനേഷൻ ട്രൈനേഷൻ കണക്കുകൾ.
- രൂപതാ വൈദികർ വൈദികക്ഷേമനിധിയിലേക്ക് ചൊല്ലിയ കുർബാനകളുടെ കണക്ക്.

രൂപതയിലെ എല്ലാ വൈദികരും ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്. രൂപതയിൽ സേവനം ചെയ്യുന്ന മറ്റു വൈദികർ ഈ ധ്യാനത്തിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ വിവരം മുൻകൂട്ടി രൂപതാകച്ചേരിയിൽ അറിയിക്കേണ്ടതാണ്.

ഇസ്രായേലിന്റെ ഇടയന്മാരോട് കർത്താവ് പറഞ്ഞു,"തങ്ങളെ തന്നെ പോറ്റുന്ന ഇസ്രായേലിന്റെ ഇടയന്മാരേ, നിങ്ങൾക്കു ദുരിതം! ഇടയന്മാർ ആടുകളെയല്ലേ പോറ്റേണ്ടത്? നിങ്ങൾ മേദസ്സു ഭക്ഷിക്കുകയും രോമം കൊണ്ടുള്ള വസ്ത്രം ധരിക്കുകയും കൊഴുത്തതിനെ കൊല്ലുകയും ചെയ്യുന്നു. എന്നാൽ, നിങ്ങൾ ആടുകളെ പോറ്റുന്നില്ല. ദുർബലമായതിന് നിങ്ങൾ ശക്തികൊടുത്തുമില്ല; മുറിവേറ്റതിനെ വച്ചുകെട്ടിയില്ല; വഴിതെറ്റിയതിനെ തിരികെ കൊണ്ടുവരുകയോ കാണാതായതിനെ തേടുകയോ ചെയ്തില്ല. മറിച്ച്, കഠിനമായും ക്രൂരമായും നിങ്ങൾ അവയോട് പെരുമാറി. ഇടയനില്ലാഞ്ഞതിനാൽ അവ ചിതറിപ്പോയി; കാട്ടിലെ മൃഗങ്ങൾക്ക് അവ ഇരയായി തീർന്നു. എന്റെ ആടുകൾ ചിതറിപ്പോയി; മലകളിലും ഉയർന്ന കുന്നുകളിലും അവ അലഞ്ഞു നടന്നു. ഭൂമുഖത്തെല്ലാം എന്റെ ആടുകൾ ചിതറിപ്പോയി. അവയെ തെരയാനോ അന്വേഷിക്കാനോ ആരും ഉണ്ടായില്ല" (എസെക്കി. 34:2-7). തുടർന്ന് ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു:" ഇതാ, ഞാൻ തന്നെ എന്റെ ആടുകളെ മേയ്ക്കും. ഞാനവയ്ക്ക് വിശ്രമസ്ഥലം നൽകും. വഴിതെറ്റിപ്പോയതിനെ ഞാൻ തിരികെ കൊണ്ടുവരും; മുറിവേറ്റതിനെ ഞാൻ വച്ചുകെട്ടും. ബലഹീനമായതിനെ ഞാൻ ശക്തിപ്പെടുത്തും; കൊഴുത്തതിനെയും ശക്തിയുള്ളതിനെയും ഞാൻ സംരക്ഷിക്കും. നീതിപൂർവ്വം ഞാനവയെ പോറ്റും (15-16). ഈ പ്രവചനം നല്ല ഇടയനായ കർത്താവിൽ പൂർത്തിയായി. അവിടുന്ന് പറഞ്ഞു, " ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്നു. ഇടയനല്ലാത്തവനും ആടുകൾസ്വന്തമല്ലാത്തവനുമായ കൂലിക്കാരൻ ചെന്നായ് വരുന്നതു കാണുമ്പോൾ ആടുകളെ ഉപേക്ഷിച്ച് ഓടിപ്പോകുന്നു. ചെന്നായ് വന്ന് അവയെ പിടിക്കുകയും ചിതറിച്ചു കളയുകയും ചെയ്യുന്നു. അവൻ ഓടി പോകന്നത് കൂലിക്കാരനായതുകൊണ്ടും ആടുകളെപറ്റി താല്പര്യമില്ലാത്തതുകൊണ്ടുമാണ്" (യോഹ.10:11-14).

പൗലോസ് ശ്ലീഹ ഇടയശുശ്രൂഷ ചെയ്യുന്നവരോട് പറഞ്ഞു, "നിങ്ങളേയും അജഗണം മുഴുവനെയും പറ്റി നിങ്ങൾ ജാഗരൂകരായിരിക്കുവിൻ. കർത്താവ് സ്വന്തം രക്തത്താൽ നേടിയെടുത്ത ദൈവത്തിന്റെ സഭയെ പരിപാലിക്കാൻ പരിശുദ്ധാത്മാവ് നിയോഗിച്ചിരിക്കുന്ന അജപാലകരാണു നിങ്ങൾ" (നടപടി 20:28).

നല്ല ഇടയനായ ഈശോയുടെ ഹൃദയഭാവമുൾക്കൊണ്ട് പ്രവർത്തിക്കുന്ന നല്ല ഇടയന്മാരാകാനുള്ള കൃപയ്ക്കുവേണ്ടി ധ്യാനദിവസങ്ങളിൽ നമുക്ക് പ്രാർത്ഥിക്കാം.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

# സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തെക്കുറിച്ച് സീറോമലബാർ സഭയുടെ ഡോക്ട്രിനൽ കമ്മീഷൻ പുറപ്പെടുവിക്കുന്ന പ്രസ്താവന

സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനം നിലവിൽ വന്നിട്ട് രണ്ടു പതിറ്റാണ്ടിലേറെയായി എന്നാണ് മനസ്സിലാക്കുന്നത്. സഭയിൽ സജീവമായ നവീകരണപ്രസ്ഥാനങ്ങളിൽ ഒന്നായിട്ടാണ് ഇത് വിലയിരുത്തപ്പെട്ടിരിക്കുന്നത്. പരി. കുർബാനയോടുള്ള ഭക്തി, പരി. ദൈവാത്മാവിനോടുള്ള ഭക്തി എന്നീ കത്തോലിക്കാ വിശ്വാസമൂല്യങ്ങളെ പ്രചരിപ്പിക്കാനും പഠിപ്പിക്കാനും ഈ പ്രസ്ഥാനം ശ്രദ്ധനൽകുന്നതായി ആരംഭം മുതലേ പലരും തിരിച്ചറിഞ്ഞു. അതുകൊണ്ടുതന്നെ സ്വാഗതാർഹമായ സമീപനമായിരുന്നു സഭ ഈ നവീകരണവിഭാഗത്തോട് ആരംഭത്തിൽ പുലർത്തിയിരുന്നത്. എന്നാൽ കാലാന്തരത്തിൽ കത്തോലിക്കാസഭയുടെ സത്യവിശ്വാസം സംബന്ധിച്ച പ്രബോധനങ്ങളിൽ ചിലതെങ്കിലും സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനം നിരാകരിക്കുന്നതായി സഭാനേതൃത്വത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. മരണാന്തരജീവിതം, തനതുവിധി, ശുദ്ധീകരണസ്ഥലം, നരകം, നിത്യരക്ഷ തുടങ്ങിയ വിശ്വാസ വിഷയങ്ങളെക്കുറിച്ച് സ്പിരിറ്റ് ഇൻ ജീസസ് നല്കുന്ന പ്രബോനങ്ങൾ കത്തോലിക്കാവിശ്വാസവുമായി ചേർന്നുപോവുന്നതല്ല എന്ന് വിശദമായ പഠനത്തിലൂടെ സഭാനേതൃത്വത്തിന് ബോധ്യപ്പെട്ടു. ഇതെത്തുടർന്ന്, വിശ്വാസഭ്രംശങ്ങളെ എന്നും ശക്തമായി നേരിടുന്ന സഭാപാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ, സ്പിരിറ്റ് ഇൻ ജീസസിന്റെ സജീവപ്രവർത്തകരോട് പല രൂപതാ കോടതികളും വിശദീകരണം ചോദിക്കുകയും സത്യവിശ്വാസം അംഗീകരിക്കുന്നില്ല എന്നു ബോധ്യമായവരുടെ മേൽ സഭാനിയമം അനുശാസിക്കുന്ന താൽക്കാലിക ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്തു. സഭയുടെ സത്യവിശ്വാസം സംരക്ഷിക്കുക, ഇതരവിശ്വാസികൾക്കിടയിൽ ഉതപ്പിന് കാരണമാകാതിരിക്കുക, സ്പിരിറ്റ് ഇൻ ജീസസ് പ്രവർത്തകർക്ക് ആത്മപരിശോധനയ്ക്ക് അവസരം നല്കുക തുടങ്ങിയ വ്യക്തമായ ലക്ഷ്യങ്ങളെടെയാണ് ഇത്തരം ശിക്ഷണ നടപടികൾ സഭ സ്വീകരിച്ചത്. തെറ്റു തിരുത്തി സത്യവിശ്വാസം ഏറ്റു പറയുന്ന സകലരേയും പൂർണ്ണമനസ്സോടെ സ്വീകരിക്കാൻ സഭാമാതാവ് സദാസന്നദ്ധയാണ്.





സഭാഗാത്രത്തിലെ ഒരംഗംപോലും നഷ്ടമാകാതിരിക്കാൻ സഭാമാതാവ് എന്നും ആഗ്രഹിക്കുന്നുണ്ട്. സത്യവിശ്വാസത്തിൽ നിന്നും വ്യതിചലിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടി സഭ പലതലങ്ങളിൽ പ്രാർത്ഥനയും ഉപവാസവും പരിത്യാഗപ്രവർത്തനങ്ങളും നടത്തിയിരുന്നു. സഭാഗാത്രത്തിലെ ഒരംഗം നഷ്ടമാകുമ്പോൾ സഭ മുഴുവനും വേദനിക്കുന്നു എന്ന അപ്പസ്തോല ദർശനമാണ് സഭയുടെ നിത്യമായ പ്രേരണയും പ്രചോദനവും. സഭാംഗങ്ങളുടെ പ്രാർത്ഥനയുടെയും സ്പിരിറ്റ് ഇൻ ജീസസ് പ്രവർത്തകരുടെ തുറന്ന മനോഭാവത്തിന്റെയും ഫലമായി കൂട്ടായ്മയുടെ വാതിൽ തുറക്കപ്പെടുന്നതിനുള്ള സാഹചര്യം രൂപം കൊള്ളുന്നത് സ്വാഗതാർഹമാണ്.

സീറോ മലബാർ സഭയുടെ ഡോക്ട്രിനൽ കമ്മീഷനുമായി നടത്തിയ ചർച്ചകളിൽ സഭാപ്രബോധനത്തിനു വിരുദ്ധമായ പഠനങ്ങൾ ഉപേക്ഷിക്കാനും കത്തോലിക്കാസഭയുടെ സത്യവിശ്വാസം മുറുകെപിടിച്ച് മുന്നേറാനുമുള്ള സന്നദ്ധത സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തിന്റെ നേതാക്കൾ വ്യക്തമാക്കുകയുണ്ടായി. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ കൂട്ടായ്മയുടെ അനുഗ്രഹം സഭയുടെ മേൽ വർഷിക്കപ്പെടുന്നതിന്റെ അടയാളമായി ഇതിനെ നമുക്കു മനസ്സിലാക്കാം. സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനം സഭാപ്രബോധനത്തിനനുസൃതമായി നാളിതുവരെ ചെയ്തിട്ടുള്ള എല്ലാ നല്ലകാര്യങ്ങളെയും സഭ ബഹുമാനിക്കുന്നു.

എന്നാൽ വിശ്വാസികളുടെ ഇടയിൽ തെറ്റിദ്ധാരണയ്ക്കിടനല്കിയിട്ടുള്ള, ചില പഠനങ്ങളെ സംബന്ധിച്ച് , അവയിൽ പലതും സഭാപ്രബോധനത്തിന്റെ നിഷേധമായി സ്പിരിറ്റ് ഇൻ ജീസസ് പ്രവർത്തകർ ബോധപൂർവ്വം നടത്തിയതല്ലെങ്കിൽ പോലും, സഭയുടെ നിലപാട് വ്യക്തമാക്കാനാഗ്രഹിക്കുന്നു.

1. ലിഖിതവചനമായ വിശുദ്ധ ഗ്രന്ഥവും അലിഖിത വെളിപാടായ സഭയുടെ വിശുദ്ധ പാരമ്പര്യവും കുറവില്ലാതെയും തെറ്റുകൂടാതെയും വ്യാഖ്യാനിക്കാനുള്ള അധികാരം ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. തന്മൂലം വിശുദ്ധഗ്രന്ഥവും പാരമ്പര്യവും വ്യഖ്യാനിക്കുന്നവർ സഭാപ്രബോധനങ്ങൾക്കനുസൃതമായി അവയെ വ്യാഖ്യാനിക്കേണ്ടതാണ്.

2. മരിച്ചവരുടെ ആത്മാക്കൾ (പരേതാത്മാക്കൾ) ജീവിച്ചിരിക്കുന്നവരെ ബാധിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു എന്ന ചിന്ത വിശുദ്ധ ഗ്രന്ഥത്തിനും സഭാപാരമ്പര്യത്തിനും പഠനത്തിനും വിരുദ്ധമാണ്. എന്നാൽ സ്വർഗ്ഗസ്ഥരായ വിശുദ്ധാത്മാക്കൾ ദൈവഹിതാനുസൃതം ഭൂമിയിൽ പ്രത്യക്ഷപ്പെടാനുള്ള സാധ്യത സഭ അംഗീകരിക്കുന്നു.

3. മരണസമയത്തു നടക്കുന്ന തനതുവിധിയിലൂടെ മനുഷ്യവ്യക്തിയുടെ നിത്യമായ അവസ്ഥ നിർണ്ണയിക്കപ്പെടുന്നു. സ്വർഗ്ഗം നരകം എന്നീ രണ്ട് നിത്യമായ അന്ത്യങ്ങളാണ് മനുഷ്യനുള്ളത്. ലഘുപാപങ്ങളോടെ മരിക്കുന്നവർക്ക് മിശിഹായുടെ രണ്ടാമത്തെ ആഗമനം വരെയുള്ള കാലയളവിൽ ശുദ്ധീകരണത്തിനായി ശുദ്ധീകരണ സ്ഥലം ഉണ്ടെന്നും ശുദ്ധീകരണത്തിനുശേഷം എല്ലാ ശുദ്ധീകരാത്മാക്കളും സ്വർഗ്ഗത്തിലെത്തുമെന്നും പരിശുദ്ധ സഭ പഠിപ്പിക്കുന്നു.

4. സഭയിൽ മരിച്ചവർക്കുവേണ്ടി നടത്തുന്ന പ്രാർത്ഥനാശുശ്രൂഷകൾ നിത്യനരകത്തിൽപ്പെട്ടവരുടെ മാനസാന്തരമോ രക്ഷയോ ലക്ഷ്യമാക്കിയുള്ളവയല്ല. എന്നാൽ ഒരു വ്യക്തിയും നരകത്തിൽ പോയതായി സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ പരേതരായ ഏതൊരു വിശ്വാസിക്കും വേണ്ടി പ്രാർത്ഥിക്കാൻ സഭാംഗങ്ങൾക്ക് അവകാശവും ഉത്തരവാദിത്വവും ഉണ്ട്.

5. നരകം നിത്യമാണെന്നും നരകത്തിലകപ്പെട്ട ആത്മാക്കൾക്ക് ഒരുനാളും രക്ഷ സാദ്ധ്യമല്ലെന്നും സഭ പഠിപ്പിക്കുന്നു. തന്മൂലം നരകവാസികളുടെ മോചനത്തിനും രക്ഷയ്ക്കും എന്ന പേരിൽ നടത്തുന്ന എല്ലാ വിധ ശുശ്രൂഷകളും സഭാപ്രബോധനത്തിന് വിരുദ്ധമാണ്.

6. ശ്ലൈഹികമായ സഭ അപ്പസ്തോലന്മാരാകുന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടതാകയാൽ സഭയിലെ ആത്മീയ ശുശ്രൂഷകളെല്ലാം സഭയുടെ ശ്ലൈഹിക അധികാരത്തോട് ചേർന്നാണ് നിർവ്വഹിക്കേണ്ടത്. തന്മൂലം അപ്പസ്തോലന്മാരുടെ പിൻഗാമിയായ രൂപതാദ്ധ്യക്ഷന്റെ അനുവാദത്തോടെയും രൂപതാദ്ധ്യക്ഷൻ നിശ്ചയിക്കുന്ന സ്ഥലത്തുമാണ് സഭയുടെ ആത്മീയ ശുശ്രൂഷകൾ നടത്തേണ്ടത്. സ്പിരിറ്റ് ഇൻ ജീസസ് പ്രവർത്തകർ അതത് രൂപതകളിലെ രൂപതാദ്ധ്യക്ഷന്റെ അനുവാദത്തോടും ആശീർവാദത്തോടും കൂടി





കൂടുതൽ ക്രിയാത്മകമായ ശുശ്രൂഷനിർവഹിക്കണമെന്ന് സഭ ആഗ്രഹിക്കുന്നു. രൂപതാദ്ധ്യക്ഷനും രൂപതാദ്ധ്യക്ഷന്റെ പ്രതിനിധിയായ വികാരിയച്ചനും നല്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ് സഭയിലെ എല്ലാ ആത്മീയ ശുശ്രൂഷകളും നടത്തേണ്ടത്.

7. തങ്ങളുടെ രാജകീയ പൗരോഹിത്യത്തിന്റെ വരപ്രസാദത്തിൽ അല്മായർ സഭാഗാത്രത്തിൽ ചെയ്യുന്ന എല്ലാ ശുശ്രൂഷകളെയും ആദരവോടെ സ്വാഗതം ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നിലപാടാണ് സഭയ്ക്കുള്ളത്. അല്മായരുടെ നേതൃത്വത്തിൽ നടത്തുന്ന ശുശ്രൂഷകൾ കുറ്റമറ്റതും സഭാപ്രബോധനത്തോട് വിശ്വസ്തത പുലർത്തുന്നതുമാകാൻ അല്മായനേതൃത്വത്തിലുള്ള പ്രസ്ഥാനങ്ങൾക്ക് ആത്മീയ ഉപദേഷ്ടക്കളായി വൈദികരെ നല്കുന്ന പാരമ്പര്യമാണ് സഭയ്ക്കുള്ളത്. ഈ പാരമ്പര്യം അനുസരിച്ച് സ്പിരിറ്റ് ഇൻ ജീസസ് പ്രവർത്തകർ ഓരോ രൂപതയിലും രൂപതാദ്ധ്യക്ഷൻ നിശ്ചയിക്കുന്ന വൈദികനെ ആത്മീയ പിതാവായി സ്വീകരിക്കണം. പ്രാർത്ഥനാ കൂട്ടായ്മകളും പ്രബോധനങ്ങളും ഈ ആത്മീയ പിതാവിന്റെ അറിവോടും അനുവാദത്തോടും കൂടി നടത്തണം. സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തിന് സഭയിലുടനീളം അംഗീകാരവും പ്രവർത്തനസ്വാതന്ത്ര്യവും ലഭിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ നിർദ്ദേശം നല്കുന്നത്.

8. മേൽ നിർദ്ദേശിച്ചകാര്യങ്ങൾ വിശ്വസ്തതയോടെ നിറവേറ്റിയാൽ, ദൈവരാജ്യ ശുശ്രൂഷയ്ക്കായി ദൈവകരങ്ങളിലെ ശക്തമായ ഉപകരണമായി പ്രവർത്തിക്കാൻ സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തിന് സഭയിലെ മറ്റേതൊരു പ്രാർത്ഥനാകൂട്ടായ്മയും ഭക്തസംഘടനയും പോലെ അനുവാദം ഉണ്ടായിരിക്കുന്നതാണ്.

9. സഭാകോടതികൾ മുഖേന കാനൻ നിയമാനുസൃതം നടപടികൾക്കു വിധേയരായിട്ടുള്ള സ്പിരിറ്റ് ഇൻ ജീസസ് കൂട്ടായ്മയിലെ അംഗങ്ങൾക്ക് അവരുടെ അപേക്ഷാനുസൃതം ശിക്ഷണ നടപടികളിൽ നിന്ന് അതത് രൂപതാ കോടതികൾ ഇളവ് നല്കുന്നതാണ്.

സഭയുടെ സത്യവിശ്വാസം സംരക്ഷിക്കുന്നതിനും സഭാഗാത്രത്തിലെ കൂട്ടായ്മ വർദ്ധമാനമാക്കുന്നതിനുമായി നല്കിയിരിക്കുന്ന ഈ നിർദ്ദേശങ്ങൾ സഭയിലെ മുഴുവൻ വിശ്വാസികളുടെയും വിശ്വാസ പരിപോഷണത്തിനു കാരണമാകട്ടെ എന്ന് പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഡോക്ട്രിനൽ കമ്മീഷൻ, സീറോ മലബാർ സഭ**

2011



# BISHOP'S Engagements

**SEPTEMBER**

| | | |
|---|---|---|
| 1 | | Eparchial Consultors' Meeting |
| 3 | | Mangalam Dam (Kudumba Koottayma) |
| 6 | | P.S.S.P. Meeting, Pastoral Centre |
| 7 | | Pre-Cana, Yuvakshethra, Mundur |
| 8 | PM | Sehion Retreat Centre, Thavalam |
| 9 | PM | Meeting - Bishop's House |
| 10 | | Irinjalakuda |
| 11 | | Palliyara, Kottathara |
| 12-17 | | Annual Retreat of Priests, Yuvakshethra |
| 18 | PM | Meeting, Kunnathurmedu |
| 19 | AM | PSSP Meeting, Pastoral Centre |
| | PM | Meeting - Paalana Hospital |
| 23 | | Meeting - Yuvakshetra, Ezhakkad |
| 25 | | St. James the Great Church - Dhoni |
| 29 | | Ordination, Kanjirapuzha |
| 30 | | St. Xavier's Church - Mangalam Dam |

**OCTOBER**

| | |
|---|---|
| 1 | Church Blessing, Chandranagar |
| 4 - 5 | Ernakulam |
| 6 - 7 | Sehion Retreat Centre, Thavalam |
| 8. | Meeting - Pastoral Centre |
| 11 | Monthly Recollection, Bishop's House |
| 12 - 13 | Mount St. Thomas, Kakkanad |
| 15 | Church Blessing, Kallekkad |







# From the Bishop's Office

**രൂപതാദിനം**

രൂപതാദിന കവറുകൾ ജിം ഓഫ്സെറ്റ് കെട്ടിടത്തിലെ രൂപതാ ഓഫീസ് കൗണ്ടറിൽ നിന്ന് ലഭിക്കുന്നതാണ്. ബഹു വൈദികർ ജനങ്ങളിൽനിന്നുള്ള രൂപതാദിന പിരിവ് കവറിൽ സ്വീകരിച്ച് അവ എത്രയും വേഗം തിരിച്ചു നൽകുമല്ലോ.

**വൈദികരുടെ വാർഷികധ്യാനം**

രൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം സെപ്റ്റംബർ 13 മുതൽ 18 വരെയായിരിക്കും. വാർഷിക ധ്യാനത്തെ സംബന്ധിച്ച അഭി. പിതാവിന്റെ വിജ്ഞാപനം പേജ് നമ്പർ 8-ൽ കാണുക.

**പ്രേഷിതവർഷ പിരിവ്**

പ്രേഷിതവർഷാചരണത്തിന്റെ ചെലവിലേക്കായി സെപ്റ്റംബർ 11-ാം തിയ്യതി സ്തോത്രകാഴ്ച എടുക്കേണ്ടതും അത് സഭാകേന്ദ്രത്തിലേക്ക് അയച്ചുകൊടുക്കുന്നതിനുവേണ്ടി രൂപതാ കാര്യാലയത്തിൽ ഒക്ടോബർ മാസാവസാനത്തിന് മുമ്പ് ഏല്പ്പിക്കേണ്ടതുമാണ്.

**കണക്കുകൾ**

പള്ളിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ (നഴ്സറി സ്കൂൾ ഉൾപ്പെടെ) കണക്കുകളും സംഘടനകളുടെ രൂപതാതല കണക്കുകളും സെപ്റ്റംബർ 30-ന് മുമ്പ് രൂപതാ കാര്യാലയത്തിൽ ഏല്പിക്കണമെന്ന് അറിയിക്കുന്നു.

**വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു.**

സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നരുമായ കത്തോലിക്കാ സമുദായത്തിൽപ്പെട്ട 200 വിദ്യാർത്ഥികൾക്ക് 5000 രൂപാ വീതം വിദ്യാഭ്യാസ സ്കോളർഷിപ്പ് കുവൈറ്റ് മലയാളി കാത്തലിക്ക് അസ്സോസിയേഷൻ സിൽവർ ജൂബിലി ട്രസ്റ്റ് നൽകുന്നതാണ്.

അപേക്ഷകർ 2011 മാർച്ചിലെ 10-ാം സ്റ്റാൻഡേർഡ് പരീക്ഷയിൽ താഴെപ്പറയുന്ന പ്രകാരം കണക്ക് കൂട്ടുമ്പോൾ കുറഞ്ഞത് 87% മാർക്ക് ഉള്ളവർ ആയിരിക്കണം. (A+=90 marks, A =80 marks, B+=70 marks, B=60 marks, C+=50 marks, C=40 marks) എന്ന പ്രകാരം കണക്കാക്കേണ്ടതാണ്.

അപേക്ഷകർ പേര്, പിൻകോഡോടുകൂടിയ അഡ്രസ്സ്, ടെലിഫോൺ നമ്പർ, രക്ഷാകർത്താവിന്റെ പേര്/ജോലി, പഠിക്കുന്ന കോഴ്സ്, ഇടവക, രൂപത, ആകെ കിട്ടിയ മാർക്ക് (നിർബന്ധമായും മേൽപ്പറഞ്ഞ രീതിയിൽ കണക്കാക്കിയത്) എന്നീ വിവരങ്ങൾ വെള്ളക്കടലാസിൽ എഴുതി സാമ്പത്തിക സ്ഥിതിയെപ്പറ്റി ഇടവക വികാരിയുടെ സാക്ഷ്യപത്രവും 10-ാം ക്ലാസ്സ് പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഫോട്ടോകോപ്പിയും ചേർത്ത് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ 2011 നവംബർ 20-ാം തിയതിക്കകം സാധാരണ തപാലിൽ അയയ്ക്കേണ്ടതാണ്.

അയയ്ക്കേണ്ട വിലാസം: Babu Abraham, Kizhakkedath Mariam Complex, Pathanamthitta P.O.- 689 645

## പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

2011-14 വർഷങ്ങളിലേക്കുള്ള പ്രസ്ബിറ്ററൽ കൗൺസിലിന്റെ ആദ്യ മീറ്റിംഗ് 2011 ജൂൺ 16-ാം തിയ്യതി വ്യാഴാഴ്ച 11 മണിക്ക് ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. പുതിയ പ്രസ്ബിറ്ററൽ കൗൺസിലിലെ 44 അംഗങ്ങളിൽ 39 പേർ പങ്കെടുത്തു. പ്രാർത്ഥനയോടുകൂടി ആരംഭിച്ച മീറ്റിംഗിൽ സംബന്ധിച്ചവർക്ക് അഭിവന്ദ്യപിതാവ് സ്വാഗതം ആശംസിച്ചു. പുതിയ പ്രസ്ബിറ്ററൽ കൗൺസിലിന്റെ സെക്രട്ടറിയായി റവ. ഫാ. ജോർജ്ജ് തുരുത്തിപള്ളി, അജണ്ട കമ്മിറ്റി അംഗങ്ങളായി റവ. ഫാ. ജോസ് കല്ലുവേലി, റവ. ഫാ. അബ്രഹം പാലത്തിങ്കൽ, റവ. ഫാ. ആന്റോ അരീക്കാട്ട് എന്നിവരെയും തിരഞ്ഞെടുത്തു.

1962 ൽ സ്ഥാപിതമായ സീറോമലബാർസഭയുടെ കേരളത്തിനു പുറത്തുള്ള ആദ്യരൂപതയായ ഛാന്ദയുടെ 50-ാം വർഷ ജൂബിലി പ്രമാണിച്ച്, സീറോ മലബാർ സഭയിൽ 2011 ആഗസ്റ്റ് 15 മുതൽ 2012 ആഗസ്റ്റ് 15 വരെ 'പ്രേഷിതവർഷ'മായിട്ടാചരിക്കുന്ന വിവരവും അതിന്റെ കർമ്മപരിപാടികളും മോൺ. ജോസഫ് ചിറ്റിലപ്പിള്ളി അച്ചൻ അവതരിപ്പിച്ചു. ഇത് എപ്രകാരം നമ്മുടെ രൂപതയിൽ നടക്കണമെന്നതിനെപറ്റിയാണ് ചർച്ച നടന്നത്. പ്രായോഗികമായി ചെയ്യേണ്ടകാര്യങ്ങൾ അഭിവന്ദ്യപിതാവ് ചർച്ചയ്ക്ക് വിധേയമാക്കി. നമ്മുടെ ഇടവകകളിൽ പ്രേഷിതപ്രവർത്തനത്തെ പറ്റി ഏകദിനസെമിനാർ, ധ്യാനം എന്നിവ സംഘടിപ്പിക്കാൻ ഒരു ടീം കാറ്റികിസം ഡിപ്പാർട്ട്മെന്റ് ഡയറക്ടർ ഫാ ജോമിസ് കൊടകശ്ശേരി, സി.എം.എൽ ഡയറക്ടർ ഫാ. നീലേഷ് തുരുത്തുവേലിൽ എന്നിവരുടെ നേതൃത്വത്തിൽ രൂപീകരിക്കാൻ തീരുമാനിച്ചു. 'മിഷൻ വാരാഘോഷം' എന്നതായിരുന്നു ഉയർന്നുവന്ന വേറൊരു ചിന്ത. രൂപതയിൽ ആകമാനം ഒരാഴ്ച നീണ്ടുനില്ക്കുന്ന മിഷൻ വാരാചണത്തെപറ്റി ചിന്തിക്കാവുന്നതാണെന്ന് പൊതുവായ അഭിപ്രായമുണ്ടായി. മിഷൻവാരത്തിൽ നമ്മുടെ മിഷൻ പ്രദേശങ്ങളുടെയും പ്രവർത്തനങ്ങളുടെയും ചാർട്ടുകളും പടങ്ങളും ഓരോ ഇടവകയിലും എത്തിക്കുകയാണെങ്കിൽ കൂടുതൽ ഉപകാരപ്രദമായിരിക്കുമെന്ന് അഭിപ്രായപ്പെട്ടു. കുടുംബസമ്മേളന ചർച്ചകളിലും ഈ വിഷയം ഉൾപ്പെടുത്താൻ തീരുമാനിച്ചു. ബൈബിളും, ദൈവശാസ്ത്രവും ആഴത്തിൽ പഠിക്കാൻ താല്പര്യമുള്ള അത്മായരുണ്ടെങ്കിൽ അവർക്ക് പ്രത്യേക പരിശീലനം നൽകാൻ വേണ്ട നടപടികൾ എടുക്കാമെന്ന് അഭിവന്ദ്യപിതാവ് ഓർമ്മിപ്പിച്ചു. നമ്മുടെ സ്ഥാപനങ്ങളിലെ റിസപ്ഷൻ റൂമുകൾ, വെയിറ്റിംഗ് റൂമുകൾ എന്നീ പൊതുസ്ഥലങ്ങളിൽ വചനാധിഷ്ഠിതമായ സന്ദേശങ്ങളും പ്രോഗ്രാമുകളും ഉൾകൊള്ളുന്ന സീഡികൾ പ്രദർശിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന നിർദ്ദേശം ഉയർന്നുവന്നു.

മിഷൻ പ്രദേശമായ നമ്മുടെ രൂപതയിൽ മിഷനറിമാറെ പരിശീലിപ്പിക്കുന്നതിന് ഇടവകകളിൽ നിന്നും സാമ്പത്തിക സഹായം (Burse) സമാഹരിക്കാൻ വികാരിമാർ ശ്രദ്ധിക്കണമെന്നു അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു.

അജണ്ടയിലെ മൂന്നാമത്തെ വിഷയമായ തൃശ്ശൂർ അതിരൂപതയുടെ 125-ാം വർഷത്തിന്റെ ജൂബിലിയെ സംബന്ധിച്ച ചർച്ച നടന്നു. ആഘോഷത്തോടനുബന്ധിച്ച് പ്രൊവിൻസിൽപെട്ട പ്രസ്ബിറ്ററൽ കൗൺസിലുകൾ പാസ്റ്ററൽ കൗൺസിലുകൾ, സമർപ്പിത സമൂഹങ്ങൾ എന്നിവയിലെ അംഗങ്ങളുടെ സംയുക്തസമ്മേളനങ്ങൾ നടത്തുന്നതിനുപകരം പ്രസ്തുത സമിതികളുടെ ഭാരവാഹികളുടെ സമ്മേളനങ്ങൾ മതിയാകുമെന്ന് അഭിപ്രായമുണ്ടായി. യുവക്ഷേത്രയിലെ മരാമത്തുപണികൾ കഴിഞ്ഞില്ലെങ്കിൽ അച്ചന്മാരുടെ വാർഷിക ധ്യാനം നീക്കിവെയ്ക്കുന്നതിനെപറ്റി ചിന്തിക്കാമെന്ന് സൂചിപ്പിച്ചു. ബഹു. വികാരിയച്ചന്മാരുടെ അറിവോടുകൂടിമാത്രമേ ഇടവകകളിൽ നിന്നു വൈദികരും സമർപ്പിതരുമാകാൻ ആഗ്രഹമുള്ളവരെ Recruit ചെയ്യാ

വൂവെന്നും ഓർമ്മിപ്പിച്ചു. പരിശുദ്ധകുർബാനയെ അവഹേളിക്കും വിധം "Black Mass" എന്ന പ്രതിഭാസം നിലനില്ക്കുന്നതുകൊണ്ട് ഒരു കാരണവശാലും പ. കുർബാന ദുരുപയോഗിക്കാൻ ഇടവരാതിരിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണം. ദൈവശാസ്ത്രമാസികയായ താലന്തിന്റെ പ്രചരണത്തിൽ നാം സഹായിക്കണമെന്നും അറിയിച്ചു. വള്ളിയോട് പോളിടെക്നിക്കിനു കിട്ടിയ അംഗീകാരത്തെപറ്റിയും അതിന്റെ തുടർ പ്രവർത്തനങ്ങളെ പറ്റിയും ഫാ. ബെറ്റ്സൺ സംസാരിച്ചു. ഉച്ചയ്ക്ക് 1.00 മണിയോടുകൂടി പ്രാർത്ഥനയോടെ യോഗം പര്യവസാനിച്ചു.

**ഫാ. ജോർജ്ജ് തുരുത്തിപ്പിള്ളി,**
പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി

## പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

2011-2013 കാലഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ പ്രഥമ സമ്മേളനം അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ 13.08.2011 ശനിയാഴ്ച 10.30 ന് രൂപതാ പാസ്റ്ററൽ സെന്ററിൽ ആരംഭിച്ചു.

2011 ആഗസ്റ്റ് 15 മുതൽ 2015 ആഗസ്റ്റ് 15 വരെ നീണ്ടുനിൽക്കുന്ന "പ്രേഷിത വർഷാചരണത്തിന്റെ" പശ്ചാത്തലത്തിൽ രൂപതയിലെ 2011-2012 കാലഘട്ടത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട കൈക്കാരന്മാരുടെയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെയും യോഗം സംയുക്തമായാണ് നടന്നത്. അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി ഏവർക്കും സ്വാഗതമാശംസിച്ചു.

തുടർന്ന് അഭിവന്ദ്യ പിതാവ് അദ്ധ്യക്ഷ പ്രഭാഷണത്തിൽ സംയുക്ത യോഗത്തിന്റെ പ്രസക്തിയെക്കുറിച്ചും പ്രേഷിത വർഷാചരണത്തിന്റെ പശ്ചാത്തലം, ലക്ഷ്യം, പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചും വ്യക്തമായ രൂപരേഖ നല്കി.

1962 ആഗസ്റ്റ് 15 ന് കേരളത്തിന് പുറത്ത് ആദ്യമായി സ്ഥാപിതമായ ഛാന്ദാ മിഷൻ രൂപതയുടെ 50-ാം വാർഷികത്തോടനുബന്ധിച്ചാണ് പ്രേഷിത വർഷം ആഘോഷിക്കപ്പെടുന്നതെന്നും തോമാശ്ലീഹായുടെ പ്രേഷിത ചൈതന്യവും തീക്ഷ്ണതയും ഉൾക്കൊണ്ട് വിവിധ തലങ്ങളിൽ സഭയുടെ സുവിശേഷപ്രഘോഷണദൗത്യം പ്രോജ്വലമാക്കാനുള്ള അവസരമാണിതെന്നും





പിതാവ് വ്യക്തമാക്കി. അതിനുതകുന്ന കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ പിതാവ് ഏവരെയും ആഹ്വാനംചെയ്തു. ആയിരിക്കുന്ന സാഹചര്യങ്ങളിൽ എല്ലാവരും യേശുവിന് സാക്ഷ്യം വഹിക്കുവാൻ അയക്കപ്പെട്ടവരാണെന്നും അതിനാൽ യേശുവാണ് ഏക രക്ഷകൻ എന്ന വിശ്വാസം ഏറ്റുപറഞ്ഞ് വിശ്വാസാനുസൃതം ജീവിച്ച് തങ്ങളുടെ ദൗത്യം നിർവ്വഹിക്കണമെന്ന് പിതാവ് ഏവരേയും ഉദ്ബോധിപ്പിച്ചു. ഈ ദൗത്യബോധത്തോടെ ജീവിതസാക്ഷ്യം വഹിക്കാൻ തയ്യാറല്ലാത്തവർ ക്രിസ്ത്യാനിയെന്നപേരിനുപോലും അർഹനല്ല എന്ന കാര്യം പിതാവ് പ്രത്യേകം ഓർമ്മിപ്പിച്ചു. ഓർമ്മിപ്പിച്ചു. അതിനാൽ പ്രേഷിതവർഷാചരണം ഓരോ ക്രൈസ്തവനും അവന്റെ പ്രേഷിതദൗത്യം നിർവഹിക്കാനുള്ള അവസരമാണ് ഒരുക്കിത്തരുന്നത്.

കാക്കനാട് മൗണ്ട് സെന്റ് തോമസ് മിഷൻ ആനിമേഷൻ ടീമിൽ നിന്ന് എത്തിയ ബഹു. കുര്യൻ കൊളത്തുകുന്നേലച്ചൻ പ്രേഷിത വർഷാചരണത്തെ സംബന്ധിച്ചുള്ള മാർഗ്ഗരേഖ വിശദീകരിച്ചു. പ്രേഷിത വർഷാചരണത്തിന്റെ Emblem ത്തിന്റെ അർത്ഥോക്തിയിലേക്ക് വെളിച്ചം വീശിയ ക്ലാസ് ഹൃദ്യവും ലളിതവും ആശയസമ്പുഷ്ടവുമായിരുന്നു.

ലോകത്തിന്റെ അതിർത്തികൾ വരെ സാക്ഷികളാകാൻ നടപടി 1:8 പ്രകാരം വിളിക്കപ്പെട്ടിരിക്കുന്നവരുടെ അതിർത്തി ലോകം തന്നെയാണെന്നും, പങ്കുചേരലിലൂടെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു സാക്ഷികളാകണമെന്നും, ഏകജാതനിലൂടെ പിതാവായ ദൈവം തന്ന സുവിശേഷമെന്ന നിധി പങ്കുവയ്ക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

സഭയുടെ പ്രേഷിതചൈതന്യത്തെ ഉജ്ജ്വലിപ്പിക്കാൻ ഓരോ വ്യക്തിയും സ്ഥാപനവും ഉണരണം. നമുക്ക് കൈവന്ന വിശ്വാസ പൈതൃകം പങ്കുവയ്ക്കുക ഓരോ ക്രൈസ്തവന്റെയും കടമയാണ്. സുവിശേഷം പ്രഘോഷിക്കാനും സാക്ഷ്യംവഹിക്കാനും അതതുസഭയെ കെട്ടിപ്പടുക്കാനും ഓരോ ക്രിസ്ത്യാനിക്കും കടമയുണ്ട്. പ്രേഷിത പ്രവർത്തനം സഭയുടെ കടമയാണ്. പ്രേഷിത വർഷാചരണത്തോടനുബന്ധിച്ച് ദൈവവിളി പ്രോത്സാഹനവും നടക്കണം. പ്രാർത്ഥനയിലൂടെ, സാഷ്യത്തിലൂടെ, സാമ്പത്തിക പങ്കുവയ്ക്കലിലൂടെ ഓരോ വ്യക്തിയും കഴിയുന്ന വിധത്തിൽ ഈ യജ്ഞത്തിൽ പങ്കുചേരണം.

കുടുംബ, ഇടവക, രൂപത, സന്യാസവൈദികപരിശീലന, മിഷൻ രൂപതാ മേഖലകളിൽ നടപ്പാക്കാൻ സിനഡ് ക്രമീകരിച്ചിരിക്കുന്ന കർമ്മപരിപാടികളെ ബഹു. ബിനേഷച്ചൻ പരിചയപ്പെടുത്തി.

പ്രഭാഷണങ്ങൾക്ക് ശേഷം നടന്ന ചർച്ചയിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു. നമ്മുടെ കുട്ടികളെ സുവിശേഷാധിഷ്ഠിതമായി വാർത്തെടുക്കാൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകണമെന്ന അഭിപ്രായമുണ്ടായി. എന്നാൽ ഉള്ള സ്ഥാപനങ്ങളിൽ ചേർന്ന് പഠിക്കാൻ ആവശ്യത്തിന് കുട്ടികളില്ലാത്ത അവസ്ഥയും ചർച്ചചെയ്യപ്പെട്ടു. പാവപ്പെട്ട കുട്ടികളെ പഠിപ്പിക്കാൻ സഹായം നൽകുന്നത് വലിയ പ്രോത്സാഹനമായിരിക്കുമെന്നും സൂചനയുണ്ടായി. ഇതിന് മറുപടിയായി ഇപ്പോൾ ചെയ്തുവരുന്ന സഹായ പദ്ധതികൾ പിതാവ് വ്യക്തമാക്കി. രൂപതാതലത്തിലുള്ള സ്ഥാപനങ്ങളിൽ പരമാവധി സഹായം ലഭ്യമാക്കാൻ വേണ്ടത് ചെയ്യാമെന്ന് പിതാവ് ഉറപ്പു നൽകി.

ഏകദേശം 12 അംഗങ്ങൾ ചർച്ചയിൽ സജീവമായി പങ്കെടുത്തു. അഭിവന്ദ്യ പിതാവ് ചർച്ച മോഡറേറ്റ് ചെയ്തു. മോൺ. ചിറ്റിലപ്പിള്ളി അച്ചൻ അംഗങ്ങൾക്ക് നന്ദിപറഞ്ഞു. സംയുക്ത മീറ്റിംഗ് 1.30 ന് അവസാനിച്ചു.

പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ പിതാവിന്റെ അദ്ധ്യക്ഷതയിൽ യോഗം തുടർന്നു. ജനറൽ സെക്രട്ടറി റവ. ഫാ. തോം കിഴക്കേടത്ത് ഏവർക്കും സ്വാഗതമാശംസിച്ചു. 2011-2014 വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടവരിൽ നിന്നും താഴെ പറയുന്നവരെ യോഗം ഭാരവാഹികളായി തിരഞ്ഞെടുത്തു.

ഫാ. അബ്രഹാം പാലത്തിങ്കൽ (ജനറൽ സെക്രട്ടറി)

ശ്രീ. കെ.പി ലോറൻസ് (സെക്രട്ടറി)

ശ്രീമതി സിസിലി, കരിമ്പ (ജോയിന്റ് സെക്രട്ടറി)

**അജണ്ട കമ്മിറ്റി അംഗങ്ങൾ**

റവ. സി. കൃപ (പ്രിൻസിപ്പൽ, മേഴ്സി കോളേജ്)

ശ്രീമതി മേഴ്സി മാത്യു (ചന്ദ്രനഗർ)

ശ്രീ ബെന്നി ടി.ജെ (കൊടുന്തിരപ്പുള്ളി)

തെരഞ്ഞെടുക്കപ്പെട്ടവരെ അഭിവന്ദ്യപിതാവ് അനുമോദിച്ചു. തുടർന്ന് റവ. ഫാ. അബ്രാഹം പാലത്തിങ്കൽ മുൻ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക്, പ്രത്യേകിച്ച് ഭാരവാഹികൾക്കും അജണ്ടാ കമ്മിറ്റിക്കും നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ 2.45 ന് യോഗം അവസാനിച്ചു.

**ഫാ. അബ്രാഹം പാലത്തിങ്കൽ**
പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Oct-11 | SAT | Rev. Fr. Kanjirathinkal Renny |
| 3-Oct-11 | MON | Rev. Fr. Kannampuzha Jose |
| 4-Oct-11 | TUE | Rev. Fr. Karikkattil Ceejo |
| 5-Oct-11 | WED | Rev. Fr. Kizhakkedath Roy |
| 6-Oct-11 | THU | Rev. Fr. Kizhakkedath Thom |
| 7-Oct-11 | FRI | Rev. Fr. Kochuparambil Jose |
| 8-Oct-11 | SAT | Rev. Fr. Kochupurackal Peter |
| 10-Oct-11 | MON | Rev. Fr. Kodakasseril Jomis |
| 11-Oct-11 | TUE | Rev. Fr. Kolamkanny Justin |
| 12-Oct-11 | WED | Rev.Fr. Kozhipadan Tony |
| 13-Oct-11 | THU | Rev. Fr. Kuruthukulngara Peter |
| 14-Oct-11 | FRI | Rev. Fr. Malekudiyil Sherjo |
| 15-Oct-11 | SAT | Rev. Fr. Maliekal George |
| 17-Oct-11 | MON | Rev. Fr. Mangalan Sebastian |
| 18-Oct-11 | TUE | Rev. Fr. Maramattom Xavier |
| 19-Oct-11 | WED | Rev. Fr. Mavunkal Jacob |
| 20-Oct-11 | THU | Rev. Fr. Mechery Anson |
| 21-Oct-11 | FRI | Rev. Fr. Murickananickal Santhosh |
| 22-Oct-11 | SAT | Rev. Fr. Muringakudiyil Biju |
| 24-Oct-11 | MON | Rev. Fr. Nalpathamkalam Sumesh |
| 25-Oct-11 | TUE | Rev. Fr. Nedumpurath Antony |
| 26-Oct-11 | WED | Rev. Fr. Njonginiyil Mathew |
| 27-Oct-11 | THU | Rev. Fr. Olakkengil Viani |
| 28-Oct-11 | FRI | Rev. Fr. Ollukaran Vincent |
| 29-Oct-11 | SAT | Rev. Fr. Palathingal Abraham |
| 31-Oct-11 | MON | Rev. Fr. Pallineerackal Jaimon |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ "പോകുവിൻ പ്രഘോഷിക്കുവിൻ" എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. സമസ്തസൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കാൻ കടപ്പെട്ടവരായ നമുക്ക് ഈശോയുടെ ഉത്ഥാനാനുഭവത്തിൽ ഭാഗഭാക്കുകളാകാനും സുവിശേഷാനുസൃതമായ ജീവിതം നയിക്കുവാനും ഈ വർഷത്തെ സെമിനാറുകൾ നമ്മെ സഹായിക്കട്ടെ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെചേർക്കുന്നു.**

| | | | |
|---|---|---|---|
| സെപ്റ്റം. 10 | ശനി | 9.30 am to 4.00 pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 10 | ശനി | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 21 | ബുധൻ | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹാൾ) |
| സെപ്റ്റം. 21 | ബുധൻ | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 5 | ബുധൻ | 9.30 am to 4.00 pm | മഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ.5 | ബുധൻ | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |

**മതാദ്ധ്യാപക ധ്യാനങ്ങൾ**

ഈ വർഷം എല്ലാ ഫൊറോനകളിലും മതാദ്ധ്യാപകർക്കായി ഏകദിന ധ്യാനം സംഘടിപ്പിക്കുന്നതാണ്. ധ്യാനത്തിൽ പങ്കെടുത്ത് ആത്മീയമായി വളരാൻ എല്ലാ മതാദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ധ്യാനങ്ങൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| സെപ്റ്റം. 21 | ബുധൻ | 9.30 am to 4.00 pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 21 | ബുധൻ | 9.30 am to 4.00 pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 26 | ബുധൻ | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹാൾ) |





| | | | |
|---|---|---|---|
| ഒക്ടോ. 26 | ബുധൻ | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവംബർ 26 | ശനി | 9.30am to 4.00 pm | താവളം ഫൊറോന (സെഹിയോൻ ധ്യാനകേന്ദ്രം) |
| ഡിസംബർ 5 | തിങ്കൾ | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**I & II HDC ഏകദിന സെമിനാറുകൾ**

HDC ക്ലാസ്സിലെ പഠനശേഷം വിശ്വാസപരിശീലന രംഗത്തു നിന്നും ഔദ്യോഗികമായി വിടപറയാൻ ഒരുങ്ങുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. അധ്യയന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിൽ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 25 രൂപ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| സെപ്റ്റം. 4 | ഞായർ | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹാൾ) |
| ഒക്ടോ. 9 | ഞായർ | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 16 | ഞായർ | 9.30 am to 4.00 pm | പാലക്കാട് & തത്തമംഗലം ഫൊറോനകൾ (പാസ്റ്ററൽ സെന്റർ) |

**ജനറൽക്വിസ് 2011-2012**

സൺഡേ കാറ്റികിസം പരീക്ഷകൾ, സ്കൊളാസ്റ്റിക് ടെസ്റ്റ് ക്വിസ്മത്സരങ്ങൾ തുടങ്ങിയവയ്ക്കുള്ള ചോദ്യങ്ങൾ അടങ്ങിയ പുസ്തകം 'വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി' സാൻജോ ബുക്ക് സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. **(വില. 35 രൂപ)**

**കയ്യെഴുത്ത് മാസികാമത്സരം**

Vമുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 3 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരി

ക്കാൻ ശ്രദ്ധിക്കണം. 2011 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടയിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ എഴുതാം.

**റെഗുലർ സ്കൂൾ അധ്യാപകസെമിനാറുകൾ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സൻമാർഗ്ഗികവുമായ വളർച്ചയ്ക്ക് സഹായിക്കുന്നതിനായി റെഗുലർസ്കൂൾ അദ്ധ്യാപകർക്കായി മേഖലാടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു. സെമിനാറുകൾ നടക്കുന്ന തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ഒക്ടോ. 26 | ബുധൻ | 10 am to 4 pm | മണ്ണാർക്കാട് മേഖല (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 26 | ബുധൻ | 10 am to 4 pm | താവളം മേഖല (സെന്റ് പീറ്റേഴ്സ് സ്കൂൾ, കൂക്കംപാളയം) |

**കുട്ടികളുടെ ചെറുകഥാ ഉപന്യാസമത്സരം**

V മുതൽ II HDC വരെയുള്ള മതബോധന വിദ്യാർത്ഥികൾക്കായി സെപ്റ്റംബർ 11-ാം തിയ്യതി ചെറുകഥാ മത്സരവും, സെപ്റ്റംബർ 18-ാം തിയ്യതി ഉപന്യാസ മത്സരവും നടക്കുന്നതായിരിക്കും.

അതാതു സെന്ററുകളിൽ നടത്തിയ രചനകൾ അവിടെ തന്നെ പരിശോധിച്ച് ഓരോ ക്ലാസിൽ നിന്നും ഏറ്റവും നല്ല രണ്ട് രചനകൾ മാത്രം മതബോധന കേന്ദ്രത്തിൽ എത്തിക്കുക. രചനകളിൽ പേര് എഴുതരുത്. പേര്, ക്ലാസ്സ്, ഇടവക എന്നിവ ഒരു സ്ലിപ്പിൽ എഴുതി പിൻ ചെയ്യുക.
കേന്ദ്രത്തിലേക്ക് അയക്കുന്ന പേപ്പറിൽ മാർക്ക് ഇടരുത്. രൂപതാ തലത്തിലും ഫൊറോന തലത്തിലും സമ്മാനങ്ങൾ ഉണ്ടായിരിക്കും. ഫലം അറിഞ്ഞയുടൻ ഫൊറോന തല വിജയികൾ മതബോധന കേന്ദ്രത്തിൽ നിന്ന് സമ്മാനം സ്വീകരിക്കുക. രൂപതാ തല വിജയികൾക്ക് 2012 മേയ് മാസത്തിലെ മതബോധന സംയുക്ത സമ്മേളനത്തിൽ വച്ച് സമ്മാനങ്ങൾ നല്കുന്നതാണ്.

NB: **ചെറുകഥ, ഉപന്യാസ മത്സരവിഷയങ്ങൾ അതാത് ഫൊറോന ഡയറക്ടേഴ്സ് വഴി നൽകപ്പെടുന്നതായിരിക്കും.**

**ഒന്നാം സെമസ്റ്റർ പരീക്ഷ**

ഞായറാഴ്ച വേദോപദേശത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 2-ാം തിയ്യതി ഞായറാഴ്ച നടക്കുന്നു V മുതൽ II HDC ക്ലാസുവരെ ഒന്നാം സെമസ്റ്റർ പരീക്ഷ 100 മാർക്കിൽ ആയിരിക്കും പഠനഭാഗം 80 മാർക്ക്, ജനറൽ ക്വിസ് 10 മാർക്ക്, ലോഗോസ് ക്വിസ് 10 മാർക്ക് ഒന്നാം സെമസ്റ്ററിൽ





ഇന്റേണൽ മാർക്ക് ഉണ്ടായിരിക്കുന്നതല്ല. I മുതൽ IV 80 മാർക്കിൽ ആയിരിക്കും പരീക്ഷ.

ജനറൽ ക്വിസ് (വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി)

| | | |
|---|---|---|
| **പഠനഭാഗം :** | **യു.പി.** | **പേജ് 21-50** |
| | **എച്ച്.എസ്.** | **പേജ് 51-98** |
| | **എച്ച്.എസ്.എസ്.** | **പേജ് 155- 183** |

**അധ്യാപകരുടെ ക്വിസ്മത്സരം**

അധ്യാപകർക്കായുള്ള ക്വിസ് മത്സരം രണ്ടു തലങ്ങളായാണ് നടത്തപ്പെടുന്നത്. ഇടവകകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരു ടീം ഫൊറോന തലത്തിൽ മത്സരിക്കുന്നു. അവിടെ നിന്ന് വിജയികളായവരാണ് രൂപതാ തലത്തിൽ മത്സരിക്കുന്നത്. നവംബർ 12-ാം തിയ്യതി ഫൊറോന തലവും ഡിസംബർ 5ന് രൂപതാ തലവും നടത്തപ്പെടുന്നു. ഫൊറോനാതലത്തിൽ എഴുത്ത് പരീക്ഷയും രൂപതാ തലത്തിൽ ഓഡിയോ വിഷൻ കൂടി ഉൾപ്പെടുത്തിയുള്ള പരീക്ഷയായിരിക്കും.

**പഠനഭാഗം** (വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി)

ജനറൽ ക്വിസ് - 50% (പേജ് 51-81, 173-215), ബൈബിൾ - 50% (വി. മത്തായി 15-28, വി. പത്രോസ് എഴുതിയ ഒന്നാം ലേഖനം)

**അധ്യാപകർക്കായുള്ള സാഹിത്യമത്സരങ്ങൾ**

അധ്യാപകർക്കായുള്ള സാഹിത്യ മത്സരങ്ങളായ ഉപന്യാസം, കഥ, കവിത തുടങ്ങിയ രചനകൾ ഇനിയും മതബോധനകേന്ദ്രത്തിൽ എത്തിക്കാത്തവർ എത്രയുംപ്പെട്ടന്ന് മതബോധന കേന്ദ്രത്തിൽ എത്തിക്കാൻ താത്പര്യപ്പെടുന്നു.

**കുട്ടികളുടെ ക്വിസ് മത്സരം**

U.P,HS,HSS എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിച്ചാണ് മത്സരങ്ങൾ നടക്കുന്നത്. ഇടവകയിൽ നിന്നുള്ള ഒരു ടീം ഫൊറോനയിൽ പങ്കെടുക്കുന്നു അവിടെ നിന്നും വിജയിച്ചവരാണ് രൂപതാ തലത്തിൽ യോഗ്യത നേടുക. നവംബർ 12 ഫൊറോന തലവും ഡിസംബർ 17 ന് രൂപതാതലവും നടത്തപ്പെടുന്നു. ഫൊറോനതല മത്സരം എഴുത്തു പരീക്ഷയായിരിക്കും.

പഠനഭാഗം : (വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി)

ജനറൽക്വിസ് - 50% (യു.പി 25-50, 100-132, എച്ച്.എസ്. 51-98, 134-149, എച്ച്.എസ്.എസ്. 155-215), ബൈബിൾ - 50% (വി. മത്തായി 15-28, വി. പത്രോസ് എഴുതിയ ഒന്നാം ലേഖനം)

**റെഗുലർ സ്കൂൾ അർദ്ധവാർഷിക പരീക്ഷ**

റെഗുലർ സ്കൂൾ അർദ്ധവാർഷിക പരീക്ഷ ഒക്ടോബർ 7-ാം തിയ്യതി വെള്ളിയാഴ്ച്ച നടത്തപ്പെടുന്നു.

**SMCC അവാർഡ്**

സീറോമലബാർ കാറ്റകെറ്റിക്കൽ കമ്മീഷൻ അവാർഡിനായുള്ള ഇടവക, ഫൊറോന, രൂപതാ തലങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് പൂർത്തിയായിരിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട എല്ലാ മത്സരാർത്ഥികൾക്കും അഭിനന്ദനങ്ങൾ. ഇതിനോട് സഹകരിച്ച എല്ലാ വൈദികർക്കും മറ്റുള്ളവർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. രൂപതയിൽ നിന്നും സഭാതലത്തിലേക്ക് രണ്ട് ആൺകുട്ടികളേയും രണ്ട് പെൺകുട്ടികളേയും തെരഞ്ഞെടുത്ത് അയയ്ക്കുന്നതിനുള്ള ശില്പശാല പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു. ശില്പശാല **നവംബർ 19-ാം തിയ്യതി വൈകുന്നേരം 4.00 മണിക്ക് ആരംഭിച്ച് 20-ാം തിയ്യതി വൈകുന്നേരം 3.30ന് അവസാനിക്കുന്നു.**

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി



## ബൈബിൾ അപ്പോസ്തലേറ്റ്

**ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്**

ബൈബിൾ വായിക്കുന്നതിനും പഠിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും ബൈബിൾ കേന്ദ്രീകൃത ജീവിതം കെട്ടിപ്പടുക്കുന്നതിനും ക്രൈസ്തവർക്ക് ഇന്ന് പ്രത്യേക താൽപര്യമുണ്ട്. വിശുദ്ധ ഗ്രന്ഥം മനസ്സിലാക്കുന്നതിന് വ്യാഖ്യാനം ആവശ്യമാണ്. ശാസ്ത്രീയമായി ബൈബിൾ കോഴ്സുകളിൽ സംബന്ധിച്ച് പഠിക്കാൻ സാധിക്കാത്തവർക്ക് വീട്ടിലിരുന്ന് കിട്ടുന്ന സമയം ചിലവഴിച്ച് ബൈബിൾ പഠിക്കാൻ അവസരമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ബൈബിൾ കമ്മീഷൻ ബൈബിൾ കറസ്പോണ്ടൻസ്കോഴ്സ് (തപാൽ വഴിയുള്ള ബൈബിൾ പഠന പദ്ധതി) ഒരുക്കിയിരിക്കുന്നത്. താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് രൂപതാ ബൈബിൾ അപ്പസ്തോലേറ്റുമായി ബന്ധപ്പെടുക. Phone : 9447997959, 0491-2510257

**ലോഗോസ് ക്വിസ് 2011**

ലോഗോസ് ക്വിസ് 2011-ന്റെ രൂപതാതല പരീക്ഷ സെപ്റ്റംബർ 25 ഞായറാഴ്ച്ച അതാതു സെന്ററുകളിൽ വച്ച് 2.00 pm മുതൽ 3.30 pm വരെ നടക്കുന്നു.

ചോദ്യങ്ങൾ

1. പാഠ്യഭാഗത്തുനിന്ന് 95 ചോദ്യങ്ങൾ
2. ലഘു പഠനത്തിലെ മാതൃകാ ചോദ്യങ്ങളിൽ നിന്ന് 5 ചോദ്യങ്ങൾ.
3. അവസാനത്തെ 3 ചോദ്യങ്ങൾ ചുരുങ്ങിയ വാക്കിൽ ഉത്തരങ്ങൾ എഴുതാനുള്ളവയായിരിക്കും.





N.B. ഉത്തരക്കടലാസുകൾ സെപ്റ്റംബർ 26-ാം തിയ്യതി തിങ്കളാഴ്ച്ചതന്നെ രൂപതാ മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**സംസ്ഥാന തല പരീക്ഷ**

ലോഗോസ് ക്വിസ് 2011-ന്റെ സംസ്ഥാന തല പരീക്ഷ പി.ഒ.സിയിൽ വച്ച് 2011 നവംബർ 27-ന് നടത്തുന്നതായിരിക്കും.

**കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന സാഹിത്യമത്സരങ്ങൾ-2011**

വചനാധിഷ്ഠിത ചിന്തയും സാഹിത്യവും സംസ്കാരവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.സി.ബി.സി ബൈബിൾ കമ്മീഷൻ രചനാമത്സരങ്ങൾക്കുള്ള കൃതികൾ ക്ഷണിക്കുന്നു. എല്ലാ രചനകളുടെയും പ്രതിപാദന വിഷയം ബൈബിൾ പ്രമേയങ്ങളായിരിക്കണം. മത്സരങ്ങൾ സംബന്ധിച്ച നിയമങ്ങൾ താഴെ ചേർക്കുന്നു.

**കവിത, കഥ, ലേഖനം, ഏകാങ്കനാടകം** എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും ലേഖനം പത്തു പേജിലും കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാ മത്സരങ്ങൾക്കില്ല

അല്മയാർ, സെമിനാരി വിദ്യാർത്ഥികൾ, സന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു.

ഗ്രൂപ്പ് നമ്പർ 1: അല്മായർ

വിഷയം: **യുക്തിയും ഭക്തിയും 'വെർബും ദോമിനി'യിൽ**

ഗ്രൂപ്പ്നമ്പർ 2: സെമിനാരി വിദ്യാർത്ഥികൾ

വിഷയം: **'വെർബും ദോമിനി': കേരള പശ്ചാത്തലത്തിൽ ഒരു പുനർവായന**

ഗ്രൂപ്പ് നമ്പർ 3: സന്ന്യാസിനികൾ

വിഷയം: **'വിശുദ്ധർ വിശുദ്ധഗ്രന്ഥവ്യാഖ്യാതാക്കൾ'**

മത്സരത്തിനയ്ക്കുന്ന കൃതികളോടൊപ്പം 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD) വികാരിയുടെയോ/ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീക

രിക്കുന്നതല്ല. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനുമുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്. സമ്മാനർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കാനുള്ള അവകാശം കെ.സി.ബി.സി ബൈബിൾ കമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2011 ഒക്ടോബർ 30 ആണ്. വൈകിയെത്തുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റും ബൈബിളും താഴെ കൊടുത്തിരിക്കുന്നതനുസരിച്ച് ക്യാഷ് അവാർഡും നൽകുന്നതാണ്.

| മത്സര ഇനം | രജി.ഫീസ് | സമ്മാനങ്ങൾ | | |
|---|---|---|---|---|
| | | First | Second | Third |
| 1. കവിത | 50 | 2000 | 1500 | 1000 |
| 2. ചെറുകഥ | 50 | 2000 | 1500 | 1000 |
| 3. ഏകാങ്കനാടകം | 50 | 2000 | 1500 | 1000 |
| 4. ലേഖനം-1 | 50 | 2000 | 1500 | 1000 |
| 5. ലേഖനം-2 | 50 | 2000 | 1500 | 1000 |
| 6. ലേഖനം-3 | 50 | 2000 | 1500 | 1000 |

കൃതികൾ അയയ്ക്കേണ്ട വിലാസം സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി, പി.ബി.നമ്പർ 2251, പാലാരിവട്ടം, കൊച്ചി-682025

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

# അൾത്താരസംഘം

**അൾത്താര സംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലന്മാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്നതാണ്. സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| സെപ്റ്റം. 3 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം.24 | ശനി | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹൾ) |
| ഒക്ടോ. 15 | ശനി | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |





**ശ്രദ്ധിക്കുക: നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ ധ്യാനം സെപ്റ്റംബർ മാസം 12 മുതൽ 17 വരെ നടത്തപ്പെടുന്നതിനാൽ സെപ്റ്റംബർ 17ന് നടത്താനിരുന്ന അൾത്താരബാലന്മാരുടെ മംഗലംഡാം ഫൊറോന സെമിനാർ മാറ്റിവച്ചിരിക്കുന്നു. തിയ്യതി പിന്നീട് അറിയിക്കുന്നതായിരിക്കും.**

**അൾത്താരസംഘം ക്വിസ് മത്സരം**

ഈ വർഷവും അൾത്താര ബാലന്മാർക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജൂനിയർ (5,6,7) സീനിയർ (8-12) വിഭാഗങ്ങളിൽ നിന്നും ഓരോ ടീമിന് ഫൊറോനയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാം. പഠന ഭാഗം

| | | |
|---|---|---|
| വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി (പേജ് 82-143) | | 50 മാർക്ക് |
| കുർബാനപുസ്തകം | - | 15 മാർക്ക് |
| ലോഗോസ് പഠനഭാഗം | - | 25 മാർക്ക് |
| അൾത്താരശുശ്രൂഷകർ | - | 10 മാർക്ക് |

ഫൊറോനതല മത്സരം ഒക്ടോബർ 26 ബുധൻ - ഫൊറോന കേന്ദ്രങ്ങളിൽ
രൂപതാതല മത്സരം ഡിസംബർ 10 ശനി - പാസ്റ്ററൽ സെന്റർ

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ അൾത്താരസംഘം



# തിരുബാലസഖ്യം

**പ്രാർത്ഥനാ വിഷയം:** മനുഷ്യജീവന്റെ മൂല്യം മാതാപിതാക്കൾ മനസ്സിലാക്കുന്നതിനായി പ്രാർത്ഥിക്കുക.

**സുകൃതജപം:** ഈശോയെ, എന്നെ വിനയശീലം അഭ്യസിപ്പിക്കണമേ.

**പ്രവർത്തനങ്ങൾ** വിശുദ്ധരുടെ പുസ്തകങ്ങൾ വായിച്ച് ലഭിച്ച അറിവുകൾ പങ്കുവയ്ക്കുക.

**ഫൊറോന സെമിനാറുകൾ**

ജൂലൈ 30-ാം തിയ്യതി ശനിയാഴ്ച പൊന്നംകോട് ഫൊറോന പള്ളിയിൽ വച്ച് നടത്തപ്പെട്ട സെമിനാർ ഫൊറോന വികാരി ഫാ. പീറ്റർ കുരുതുകുളങ്ങര ഉദ്ഘാടനം ചെയ്തു. തുടർന്ന് റവ. ഫാ. അരുൺ കലമറ്റത്തിൽ, ഫാ. ജോമി തേക്കുംകാട്ടിൽ, ഫാ. ബിജു തോപ്പിൽ, സിസ്റ്റർ സ്റ്റെഫി, ബ്രദർ ഷൈജു എന്നിവർ ക്ലാസുകൾ നയിച്ചു. ക്യാമ്പിനുവേണ്ട എല്ലാ സഹായങ്ങളും ചെയ്ത ഫെറോന വികാരിയച്ചനും ഫൊറോന ഡയറക്ടർ

തോമസ് പറമ്പിയച്ചനും എല്ലാ ആനിമേറ്റേഴ്സിനും നന്ദി.

ആഗസ്റ്റ് 6-ാം തിയ്യതി ഒലവക്കോട് ഫൊറോനയിൽ വച്ച് നടന്ന സെമിനാറിൽ മഴയെ അവഗണിച്ചും ധാരാളം കൊച്ചുകൂട്ടുകാർ വന്ന് ചേർന്നു. ഫൊറോന വികാരി ഫാ. ജോസ് പൊട്ടേപ്പറമ്പിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ ഫാ. അരുൺ കലമറ്റത്തിന്റെയും ആനിമേറ്റേഴ്സിന്റെയും സാന്നിധ്യത്തിൽ നടന്ന സെമിനാറിൽ ഫാ. സീജോ കാരിക്കാട്ടിൽ, ഫാ. അരുൺ കലമറ്റത്തിൽ, ഫാ. ബിജു തോപ്പിൽ, സിസ്റ്റർ സ്റ്റെഫി, ബ്രദർ ഷൈജു എന്നിവർ ക്ലാസെടുത്തു. ഏവർക്കും നന്ദി.

ആഗസ്റ്റ് 20-ാം തിയ്യതി പാലക്കാട് ഫൊറോനയുടെ സെമിനാർ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 9.30 ന് ആരംഭിച്ച സെമിനാർ ഫൊറോന വികാരി. ഫാ. ജോസ് കല്ലുവേലി ഉദ്ഘാടനം ചെയ്യുകയും ഫാ. അരുൺ കലമറ്റത്തിൽ, ഫാ. ജോമിസ് കൊടകശ്ശേരി, ഫാ. സീജോ കാരിക്കാട്ടിൽ, ബ്രദർ ഷൈജു, സി. സ്റ്റെഫി എന്നിവർ ക്ലാസുകൾ നയിക്കുകയും ചെയ്തു. സഹകരിച്ച എല്ലാവർക്കും നന്ദി.

**തുടർന്നുവരുന്ന സെമിനാറുകൾ**

സെപ്റ്റം. 3 തത്തമംഗലം ഫൊറോന സെമിനാർ
സെപ്റ്റം. 24 മേലാർക്കോട് ഫൊറോന സെമിനാർ
ഒക്ടോ. 15 വടക്കഞ്ചേരി ഫൊറോന സെമിനാർ

**ശ്രദ്ധിക്കുക**

നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ ധ്യാനം സെപ്റ്റംബർ മാസം 12 മുതൽ 17 വരെ നടത്തപ്പെടുന്നതിനാൽ സെപ്റ്റംബർ 17ന് നടത്താനിരുന്ന മംഗലംഡാം ഫൊറോന സെമിനാർ മറ്റൊരു തിയ്യതിലേക്ക് മാറ്റിയിരിക്കുന്നു.

സെമിനാറുകളുടെ വിജയത്തിനായി കുഞ്ഞുങ്ങൾ പരസ്പരം പ്രാർത്ഥിക്കണേ.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം



## നവീകരണ മുന്നേറ്റം

കേരളത്തിലെ കുടുംബങ്ങൾക്കായി കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷന്റെ ആഭിമുഖ്യത്തിൽ കേരള സർവ്വീസ് ടീം (കെ.എസ്.ടി.) ഒരു കുടുംബ കൺവെൻഷൻ ഒരുക്കുന്നു. 2011 ഡിസംബർ 28 മുതൽ 31 വരെ പാലായിൽ വച്ചാണ് കൺവെൻഷൻ നടക്കുന്നത്. പാലക്കാട് സോണിൽ നിന്നും 100 കുടുംബങ്ങളെയാണ് പങ്കെടുപ്പിക്കാൻ ആഗ്രഹിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് സോണൽ കോ-ഓർഡിനേറ്റർ ഫ്രാങ്കോ ജോസഫുമായോ ഫോൺ: 9447620965, പ്രോഗ്രാം കോ-ഓർഡിനേറ്റർ ബിജുവുമായോ (9037116294)ബന്ധപ്പെടേണ്ടതാണ്.





പാലക്കാട് സോണൽ സർവ്വീസ് ടീമിന്റെ അംഗങ്ങളായി ശ്രീ. കെ. കെ. മാത്യു (മണ്ണാർക്കാട്), ശ്രീമതി ബേബി ആന്റോ (അളവുശ്ശേരി) എന്നിവരെ തെരഞ്ഞെടുത്തു.

എല്ലാമാസവും നടത്തുന്ന ജാഗരണപ്രാർത്ഥനയുടെ വിജയത്തിനായി പ്രവർത്തിക്കുന്നതിനായി ഒരു സേവന സമിതിയെ തെരഞ്ഞെടുത്തു. പി. എം. മാത്യു (കണ്ടമംഗലം), കെ. കെ. മാത്യു (മണ്ണാർക്കാട്), പാട്രിക് ജോസഫ് (കഞ്ചിക്കോട്), സി.ജെ. ജോർജ്ജ് (പട്ടാമ്പി), ബേബി വർഗ്ഗീസ് (കൊടുന്തിരപ്പള്ളി), ജെസ്സി ബേബി (മാങ്കാവ്),എം.ജെ. ജോസഫ്, വത്സ ജോസ് (കല്ലേക്കാട്), ഓമന ദേവസ്സി, ജാൻസി ജോർജ്ജ് (കത്തീഡ്രൽ).

**ദമ്പതി കൂട്ടായ്മ**

എല്ലാമാസവും ആദ്യശനിയാഴ്ച പാലക്കാട് പാസ്റ്ററൽ സെന്ററിൽ രാവിലെ 10 മുതൽ 3 വരെ ദമ്പതി കൂട്ടായ്മ നടത്തുന്നു. എല്ലാ ദമ്പതികളേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**നേതൃകൂട്ടായ്മ**

എല്ലാമാസവും അവസാന വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ 6.00 മണിവരെ സോണിലെ നേതൃത്വത്തിലുള്ളവർക്കുവേണ്ടി പാസ്റ്ററൽ സെന്ററിൽവച്ച് പ്രത്യേക കൂട്ടായ്മ നടത്തുന്നു. നവീകരണ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരേയും സാദരം ക്ഷണിക്കുന്നു.

**പുതിയ സേവനസമിതി**

പാലക്കാട് സബ്ബ് സോണിന്റെ പുതിയ സേവനസമിതി അംഗങ്ങളെ തെരഞ്ഞെടുത്തു. കോ-ഓർഡിനേറ്ററായി ശ്രീ പാട്രിക് ജോസഫ് (കഞ്ചിക്കോട്) സെക്രട്ടറിയായി ശ്രീമതി ജെസ്സി ബേബി (മങ്കാവ്), ട്രഷറർ ശ്രീ. ബേബി വർഗ്ഗീസ്സ് (കൊടുന്തിരപ്പള്ളി), എം.ജെ. ജോസ്, വത്സ ജോസ് (കല്ലേക്കാട്), വർഗ്ഗീസ് പട്ടാറ (യാക്കര), സോളമൻ മേബിൾ ആൻസി (കത്തീഡ്രൽ) എന്നിവരെ തെരഞ്ഞെടുത്തു.

**മദ്ധ്യസ്ഥപ്രാർത്ഥനാ കൂട്ടായ്മകൾ**

എല്ലാ സബ്ബ് സോണുകളിലും മദ്ധ്യസ്ഥപ്രാർത്ഥനാ കൂട്ടായ്മകൾ തുടർന്നു വരുന്നു. മണ്ണാർക്കാട് (ചൊവ്വ), കാഞ്ഞിരപ്പുഴ (ബുധൻ), മേലാർക്കോട്, വടക്കഞ്ചേരി (വ്യാഴം), പാലക്കാട് (വെള്ളി), ഒറ്റപ്പാലം (ശനി).

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം.

# ചെറുപുഷ്പ മിഷൻ ലീഗ്

**ഗുരുപാദങ്ങളിൽ**

**2011 സെപ്റ്റംബർ- കർമ്മപരിപാടികൾ**

**1 വ്യാഴം** എട്ടുനോമ്പാരംഭം. പ്രേഷിത പ്രവർത്തനത്തിന്റെ വിജയത്തിനു വേണ്ടി മിഷൻ ലീഗ് അംഗങ്ങൾ എട്ടുനോമ്പ് ആചരിക്കുക.

**3 ശനി** ഒലവക്കോട്, പാലക്കാട്, തത്തമംഗലം മേഖലാതല ഏകദിന സെമിനാർ.

**4 ഞായർ** വാ. മദർ തെരേസയുടെ ചരമദിനം, അദ്ധ്യാപകദിനം. അദ്ധ്യാപകരെ സമർപ്പിച്ച് പ്രാർത്ഥന നടത്തുക.

**8 വ്യാഴം** മാതാവിന്റെ പിറവി തിരുനാൾ. മേഖലാ കലോത്സവങ്ങൾ മേഖലാ കേന്ദ്രങ്ങളിൽ നടത്തുക.

**9 വെള്ളി** മിഷൻ ലീഗ് സ്ഥാപക ഡയറക്ടർ റവ. ഫാ. ജോസഫ് മാലിപറമ്പിലിന്റെ ചരമദിനം. അനുസ്മരണ സമ്മേളനം നടത്തുക, മേഖല കലോത്സവങ്ങൾ പൂർത്തിയാക്കുക.

**10 ശനി** താവളം മേഖലാ ഏകദിനസെമിനാർ.

**14 ബുധൻ** വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ. വി. കുരിശിനോടുള്ള സ്നേഹാദരവിന്റെ സൂചകമായി വി. കുർബാനയിൽ സംബന്ധിക്കുകയും പൊതു ദിവ്യകാരുണ്യ സ്വീകരണം നടത്തുകയും ചെയ്യുക.

**17 ശനി** ഒറ്റപ്പാലം മേഖലാ ഏകദിന സെമിനാർ.

**21 ബുധൻ** സംസ്ഥാന സാഹിത്യമത്സരം.

**22 വ്യാഴം** മുൻ സംസ്ഥാന വൈസ് ഡയറക്ടർ റവ. ഫാ. അബ്രാഹം ഈററയ്ക്കക്കുന്നേലിന്റെ ചരമദിനം. വി. ബലിയിൽ പങ്കെടുത്ത് അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുക.

**അനുബന്ധപ്രവർത്തനങ്ങൾ**

***പ്രാർത്ഥനാനിയോഗം***- അദ്ധ്യാപകർക്കുവേണ്ടി.

മേഖലാ കലോത്സവങ്ങൾ പൂർത്തിയാക്കുക, മത്സരങ്ങളിൽ അംഗങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുക.

അനാഥാലയ സന്ദർശനം നടത്തുക.

***സുകൃതജപം*** "വാഴ്ത്തപ്പെട്ട മദർതെരേസേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ"

**ഫാ. നിലേഷ് തുരുത്തുവേലിൽ**
ഡയറക്ടർ, സി. എം. എൽ.





# കെ. സി. വൈ. എം

## Programme for Migrant Youth of Palgaht Diocese

ഈ വർഷത്തെ പ്രേഷിത വർഷത്തോടനുബന്ധിച്ച് പ്രവാസി യുവജനങ്ങൾക്കായി പാലക്കാട് കെ.സി.വൈ.എം ഒരു നൂതന കർമ്മപരിപാടി ആസൂത്രണം ചെയ്യുന്നു. പഠന-ജോലി സംബന്ധമായി ഇടവകയ്ക്ക് പുറത്ത് താമസിച്ചുകൊണ്ടിരിക്കുന്ന യുവജനങ്ങളുടെ പേരും വിലാസവും കണ്ടെത്തി അവർക്ക് അജപാലനശുശ്രൂഷ നൽകുവാൻ കെ.സി.വൈ.എം. തയ്യാറെടുക്കുന്നു. അതിനായി പ്രവാസി യുവജനങ്ങളുടെ പേരുവിവരങ്ങൾ ശേഖരിക്കുകയും അവർക്ക് ഇടവകയോടും കുടുംബത്തോടുമുള്ള ബന്ധം നിലനിർത്തുന്നതിനോടൊപ്പം വിശ്വാസധാർമ്മിക ജീവിതത്തിലും ഒരു സഹായമായി എത്തുവാൻ കെ.സി.വൈ.എം. ആഗ്രഹിക്കുന്നു. പ്രവാസികളായിരിക്കുന്ന യുവജനങ്ങളുടെ മാതാപിതാക്കൾ ഭാരവാഹികളുടെ പക്കൽ നിന്നും ഫോം വാങ്ങി പൂരിപ്പിച്ച് ഒരു കോപ്പി ഇടവക വികാരിക്കും മറ്റൊരുകോപ്പി കെ.സി.വൈ.എം. ഓഫീസിലും ഏല്പ്പിക്കേണ്ടതാണ്.

**അഖണ്ഡജപമാല**

പ്രസ്ഥാനത്തിന്റെ തുണയായ പരിശുദ്ധ അമ്മയുടെ ചാരെ മുഴുവൻ യുവജനങ്ങളെയും സമർപ്പിച്ചുകൊണ്ടുള്ള ജപമാല സമർപ്പണം പതിവുപോലെ ഒക്ടോബർ 1 മുതൽ 31 വരെ ഓരോ ദിവസം രണ്ട് ഘട്ടമായി ഇടവകകളിൽ നടത്തുന്നു. താല്പര്യമുള്ള പള്ളികൾ സൗകര്യപ്രദമായ സമയത്തിനായി ഫൊറോനഭാരവാഹികളെ സമീപിക്കുക.

**ഉത്സവ് - 2011**

ക്രൈസ്തവ യുവജനങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിടുന്ന കെ.സി.വൈ എം. രൂപതയിലെ യുവജനങ്ങളുടെ കലാപരവും കായികപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി നവംബർ 12ന് ഉത്സവ്-2011 സംഘടിപ്പിക്കുന്നു. ഇതിന് മുന്നോടിയായി യൂണിറ്റുതലത്തിലും ഫൊറോനതലത്തിലും മത്സരങ്ങൾ മുൻകൂട്ടി ക്രമീകരിക്കേണ്ടതാണ്. മത്സരങ്ങളുടെ നിയമങ്ങളും നിർദ്ദേശങ്ങളും സർക്കുലർ വഴി അറിയിക്കുന്നതാണ്.

**മാനിഷാദ - ലഹരിക്കെതിരെ ജാഗ്രത**

മദ്യവും മയക്കുമരുന്നും ഇന്ന് സമൂഹത്തെയും യുവത്വത്തെയും കുരുക്കുന്ന സമൂഹ്യതിന്മയായി രൂപപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഈ സമൂ

ഹ്യതിന്മയെ നമ്മുടെ ഇടയിൽ നിന്ന് പിഴുതെറിയുവാൻ പാലക്കാട് രൂപത യിലെ യുവജനങ്ങളുടെ സ്വരം - **മാനിഷാദ**. ലഹരിക്കെതിരെയുള്ള ഈ പോരാട്ടം മേലാർക്കോട് ഫൊറോനയുടെ ആതിഥേയത്വത്തിൽ ആഗസ്റ്റ് 6ന് നെന്മാറ പള്ളിയിൽവച്ച് നടന്നു.

നെന്മാറ ക്രിസ്തുരാജ ദൈവാലയത്തിൽവച്ചുനടന്ന ലഹരിവിരുദ്ധ സെമി നാറിൽ കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ സെക്രട്ടറി ഫാ. ആന്റണി ടി.ജെ. (കൊല്ലം) നേതൃത്വം നൽകി. സെമിനാറിനുശേഷം കെ.സി.വൈ. എം. പാലക്കാട് രൂപതാ പ്രസിഡന്റ് പ്രിൻസ് കുളമ്പുകാട്ടിൽ നയിച്ച യുവ ജനറാലി കെ.സി.വൈ.എം. മേലാർക്കോട് ഫൊറോന ഡയറക്ടർ ഫാ. ജോസ് പൊന്മാണി ഫ്ളാഗ്ഓഫ് ചെയ്തു. കുട്ടികളും സ്ത്രീകളും മുതിർന്ന വരുമടങ്ങിയ ലഹരിവിരുദ്ധ റാലി ആവേശഭരിതമായിരുന്നു. തുടർന്ന് നടന്ന പൊതുസമ്മേളനം പാലക്കാട് രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി ഉദ്ഘാടനം ചെയ്തു. പ്രസ്തുത യോഗത്തിൽ തൃശ്ശൂർ അതി രൂപതാ മുൻ പാസ്റ്ററൽ കൗൺസിൽ അംഗം പി.ഐ. ലാസ്സർ മാസ്റ്റർ മുഖ്യ പ്രഭാഷണം നടത്തി. സമ്മേളനത്തിൽ ഫാ. ആന്റണി ടി.ജെ., ഷെറീഫ് ഉസ്താദ്, ഫാ. ജോസ് പൊന്മാണി, കെ.സി.വൈ.എം. മുൻ സംസ്ഥാന ജന റൽ സെക്രട്ടറി സോണി പവേലിൽ, രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്ര ട്ടറി കെ.പി. ലോറൻസ് എന്നിവർ ആശംസകൾ അർപ്പിച്ചു. പൊതുസമ്മേള നത്തിന് പ്രിൻസ് കുളമ്പുകാട്ടിൽ അദ്ധ്യക്ഷത വഹിക്കുകയും ജനറൽ സെക്രട്ടറി ആന്റോ തേർമഠം സ്വാഗതവും രൂപതാ ഡയറക്ടർ ആമുഖ പ്രസം ഗവും രൂപതാ ട്രഷറർ ഷിജു നന്ദിയും പ്രകാശിപ്പിച്ചു. റാലിയിലും പൊതു സമ്മേളനത്തിലും പങ്കെടുത്ത് വിജയിപ്പിച്ച എല്ലാവർക്കും അതിന് നേതൃത്വം കൊടുത്ത വികാരിയച്ചന്മാർക്കും ആനിമേറ്റേഴ്സിനും ആതിഥ്യമരുളിയ മേലാർക്കോട് ഫൊറോന സമിതിക്കും ഹൃദയം നിറഞ്ഞ നന്ദി.

**അർദ്ധവാർഷിക സെനറ്റ്**

കെ.സി.വൈ.എം. പാലക്കാട് രൂപതയുടെ കഴിഞ്ഞ 6 മാസത്തെ പ്രവർത്ത നങ്ങൾ വിലയിരുത്തുന്നതിനും ഭാവി പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കി നവചൈതന്യത്തോടെ മുന്നേറുന്നതിനുമായി അർദ്ധവാർഷിക സെനറ്റ് ആഗസ്റ്റ് 29, 30 തിയ്യതികളിലായി പാസ്റ്ററൽ സെന്ററിൽവച്ച് നടന്നു. സെന റ്റിൽ എക്സിക്യൂട്ടീവ് അംഗങ്ങളും വിവിധ യൂണിറ്റുകളെ പ്രതിനിധീകരി ച്ചുകൊണ്ട് യൂണിറ്റ് ഭാരവാഹികളും ആനിമേറ്റേഴ്സും പങ്കെടുത്തു. യുവ ജനങ്ങളെ സെനറ്റിൽ പങ്കെടുപ്പിക്കുന്നതിനായി പ്രയത്നിച്ച എല്ലാ





ഫൊറോന ഡയറക്ടർ അച്ചന്മാർക്കും ആനിമേറ്റേഴ്സിനും പങ്കെടുത്ത് വിജ യിപ്പിച്ച എല്ലാ യുവജന സുഹൃത്തുക്കൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. ടോം ജി. വടക്കേക്കര**

ഡയറക്ടർ, കെ.സി.വൈ.എം.

## സി. എൽ. സി

പാലക്കാട് രൂപത സി.എൽ.സിയുടെ ആഭിമുഖ്യത്തിൽ സി.എൽ.സി. അംഗ ങ്ങൾക്കായി ഒരു പ്രസംഗ മത്സരം സംഘടിപ്പിക്കുന്നു. 'മാർ ജോസഫ് ഇരി മ്പൻ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫി'- രൂപതാതല സി.എൽ.സി. പ്രസംഗ മത്സരം എന്ന പേരിൽ സംഘടിപ്പിക്കുന്ന മത്സരം വരുന്ന 2011 ഒക്ടോ ബർ 5-ാം തിയ്യതി പാലക്കാട് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു. രൂപതാതല മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് 1001 രൂപയും ട്രോഫിയും തുടർന്ന് രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്നവർക്ക് 501 രൂപയും 251 രൂപയും എന്നിങ്ങനെ ക്യാഷ് പ്രൈസുകളും നൽകുന്നതാണ്.

**രൂപതാതല രണ്ടാംറൗണ്ട് മത്സരം ഒക്ടോബർ 5 ബുധനാഴ്ച**

സമയം: രാവിലെ 9.30. ഒന്നാം സ്ഥാനം നേടുന്നവർക്ക് 1001 രൂപയും ട്രോഫിയും യഥാക്രമം രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്നവർക്ക് 501 രൂപയും 251 രൂപയും ആയിരിക്കും സമ്മാനം.

**മത്സരത്തിനുള്ള നിബന്ധനകൾ താഴെചേർക്കുന്നു.**

1. പ്രായപരിധി :
   സീനിയർ 1-1-1994നും 31.12.1997നും ഇടയക്ക് ജനിച്ചവർ
   ജൂനിയർ 1-1-1998ന് ശേഷം ജനിച്ചവർ
2. ആൺ-പെൺ വ്യത്യാസമില്ലാതെയാണ് മത്സരം നടത്തുക.
3. ഇടവകാതലത്തിൽ ഒന്നാം റൗണ്ട് മത്സരം നടത്തി ജൂനിയർ സീനി യർ വിഭാഗത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഓരോരുത്തർക്ക് രൂപ താതലത്തിൽ മത്സരിക്കാം.
4. ഈ തെരഞ്ഞെടുക്കപ്പെടുന്നവരാണ് രൂപതാതലത്തിൽ നടക്കുന്ന രണ്ടാം റൗണ്ടിൽ മത്സരിക്കുക.
5. രണ്ടാം റൗണ്ടിൽ ഓരോ വിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെ ടുന്ന 5 പേരാണ് മൂന്നാം റൗണ്ടിൽ മത്സരിക്കുക.

6. വിഷയം : *"പാലക്കാട് രൂപതയും ഇരിമ്പൻ പിതാവും പ്രേഷിത പ്രവർത്തനവും".*
7. രജിസ്ട്രേഷൻ ഫീസ് (രണ്ടാം റൗണ്ട്) ഒരാൾക്ക് 50 രൂപ.
8. മത്സരസമയം : 5 മിനിറ്റ്
9. രജിസ്ട്രേഷൻ സമാപനം (രൂപതാതലം) സെപ്റ്റംബർ 5

NB: മൂന്ന് റൗണ്ടുകളായി നടത്തപ്പെടുന്ന മത്സരത്തിന്റെ ആദ്യറൗണ്ട് യൂണിറ്റുതലത്തിൽ നടത്തണം. തെരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള രണ്ടാം റൗണ്ട് രൂപതാതലത്തിൽ നടത്തുന്നതിന്റെ വിവരങ്ങളാണ് മേൽപറഞ്ഞവയെല്ലാം. മൂന്നാം റൗണ്ട് മത്സരത്തിന്റെ തിയ്യതി പിന്നീട് അറിയിക്കുന്നതാണ്. മൂന്നാം റൗണ്ടിലാണ് ഒന്നും രണ്ടും മൂന്നും സ്ഥാനക്കാരെ നിർണ്ണയിക്കുന്നത്.

| | | |
|---|---|---|
| **സെപ്റ്റം 05** | തിങ്കൾ | മദർതെരേസാ ദിനം |
| **സെപ്റ്റം 10** | ശനി | ഒലവക്കോട് മേഖല ഏകദിനസെമിനാർ |
| **സെപ്റ്റം 21** | ബുധൻ | മംഗലംഡാം മേഖലാ സെമിനാർ |

**സന്ദേശം** :"എതിർപ്പുകൾ നന്മകളെ കുരിശിന്റെ അടുക്കലേക്ക് ആനയിക്കുന്നു. കുരിശുകൾ സ്വർഗ്ഗകവാടത്തിലേക്കും" - വി. ജോൺ മരിയ വിയാനി

**പഠനം** : യോഹന്നാൻ 4:1-42

**പ്രവർത്തനം** : പ്രേഷിത പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളുടെ ഒരു ചാർട്ട് തയ്യാറാക്കുക.

**ഫാ. ബിജു പ്ലാത്തോട്ടത്തിൽ,**
ഡയറക്ടർ, സി.എൽ.സി.

## ഫാമിലി അപ്പോസ്തലേറ്റ്

### പ്രീകാന കോഴ്സ്

**2011 സെപ്റ്റംബർ 5, 6, 7, 8** തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു.
കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.







## കുടുംബകൂട്ടായ്മ

അകമലവാരം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ഇടവക കുടുംബയൂണിറ്റുകളുടെ സംയുക്ത വാർഷികം ജൂലൈ 17-ാം തിയ്യതി ഞായറാഴ്ച പാരിഷ് ഹാളിൽവച്ച് നടത്തപ്പെടുകയുണ്ടായി. വാർഷികാഘോഷത്തിന്റെ ഭാഗമായി കുടുംബകൂട്ടായ്മ രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് തിരുത്തിപ്പള്ളി, രൂപതാ പ്രസിഡന്റ് ശ്രീ. കെ. പി. ലോറൻസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**മംഗലംഡാം ഫൊറോന സംഗമം, ഏകദിന സെമിനാർ**

ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നുള്ള എല്ലാ കുടുംബയോഗ ഭാരവാഹികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഫൊറോന സംഗമവും ഏകദിന സെമിനാറും സെപ്റ്റംബർ 3-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 മണിവരെ ഫൊറോന പാരിഷ്ഹാളിൽവച്ച് നടത്തപ്പെടുന്നു. ബഹു. ഫൊറോന വികാരി ഫാ. ജോസ് ആലയ്ക്കക്കുന്നേൽ ഉദ്ഘാടനം ചെയ്യുന്ന പ്രസ്തുത സെമിനാറിൽ അഭിവന്ദ്യ പിതാവ് മാർ ജേക്കബ് മനത്തോടത്ത് സന്ദേശം നൽകുന്നു. തുടർന്ന് നടത്തുന്ന ക്ലാസ്സുകൾക്കും ചർച്ചകൾക്കും ശേഷം ഫാ. ജോഷി ചക്കാലക്കൽ കാർമ്മികത്വം വഹിക്കുന്ന വി.കുർബാനക്ക് ഫാ. ജോസ് ചെനിയറ സന്ദേശം നൽകുന്നു.

**പാലക്കാട് ഫൊറോന സംഗമം, ഏകദിന സെമിനാർ**

ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നുള്ള എല്ലാ കുടുംബയോഗ ഭാരവാഹികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഫൊറോന സംഗമവും ഏകദിന സെമിനാറും സെപ്റ്റംബർ 21-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 മണിവരെ ഫൊറോന പാരിഷ് ഹാളിൽവച്ച് നടത്തപ്പെടുന്നു. അഭിവന്ദ്യ പിതാവ് മാർ ജേക്കബ് മനത്തോടത്ത് സന്ദേശം നൽകുന്ന പ്രസ്തുത സെമിനാറിന്റെ ഉദ്ഘാടനകർമ്മം ബഹു. ഫൊറോന വികാരി ഫാ. ജോസ് കല്ലുവേലി നിർവ്വഹിക്കുന്നു. തുടർന്ന് നടത്തുന്ന ക്ലാസ്സുകൾക്കും ചർച്ചകൾക്കും ശേഷം ഫാ. മാർട്ടിൻ തട്ടിൽ കാർമ്മികത്വം വഹിക്കുക വിശുദ്ധ കുർബാനയിൽ ഫാ. ജോമിസ് കൊടകശ്ശേരി സന്ദേശം നൽകുന്നു.

**കുടുംബസമ്മേളന ഫൊറോന എക്സിക്യൂട്ടീവുകൾ**

27-09-2011ൽ പൊന്നംകോട് ഫൊറോന എക്സിക്യൂട്ടീവ് കൂടി ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ഫൊറോന ഏകദിന സെമിനാർ ഒക്ടോബർ 5-ാം തിയ്യതി ഫൊറോന പാരിഷ് ഹാളിൽവച്ച് നടത്താനും നിശ്ചയിച്ചു.

**ഫൊറോന ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | ശ്രീ. രാജു മംഗലി |
| വൈസ് പ്രസിഡന്റ് | ശ്രീ. ബെന്നി കുര്യാക്കോസ് |
| സെക്രട്ടറി | ശ്രീ. ജോർജ്ജ് വി. വി. |
| ജോ. സെക്രട്ടറി | ശ്രീ. സേവ്യർ തോമസ് |

27-07-2011-ൽ കാഞ്ഞിരപ്പുഴ ഫൊറോന എക്സിക്യൂട്ടീവ് കൂടി ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ഫൊറോന ഏകദിനസെമിനാർ ഒക്ടോബർ 26-ാം തിയ്യതി ഫൊറോന പാരിഷ് ഹാളിൽവച്ച് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

**ഫൊറോന ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | ശ്രീ. ജോജു ജോസഫ് |
| വൈസ് പ്രസിഡന്റ് | ശ്രീ. സേവ്യർ ചോതിപ്പറമ്പിൽ |
| സെക്രട്ടറി | ശ്രീമതി എൽസി കോമ്പേരിയിൽ |
| ജോ. സെക്രട്ടറി | ശ്രീ. ബേബി നരിക്കാട്ട് |
| ട്രഷറർ | ശ്രീ. ആന്റണി പെരുകിൽ |

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, കുടുംബകൂട്ടായ്മ

# മാതൃസംഘം

**സെപ്റ്റംബർ 2011**

- മിഷൻ പ്രസിദ്ധീകരണങ്ങൾ ഭവനത്തിൽ വരുത്തുക, കൈമാറ്റം ചെയ്യുക.
- 2011 സെപ്റ്റംബർ 11 ഞായർ: യൂണിറ്റുതല ചിത്രരചന, പെയിന്റിംഗ് മത്സരങ്ങൾ യൂണിറ്റിലെ എല്ലാ അമ്മമാർക്കും.
- 2011 സെപ്റ്റംബർ 21 ബുധൻ : മാതൃസംഘം രൂപതാ ഡിബേറ്റ്
- വിഷയം : ഉടയുന്ന ബന്ധങ്ങൾ; ഉത്തരവാദി ആര്?

**ഐക്യോത്സവ് 2011**

2011 ഒക്ടോബർ 26 ന് പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് മാതൃസംഘം രൂപതാതല കലാമത്സരങ്ങൾ നടത്തപ്പെടുന്നു. രൂപതയിൽ വ്യക്തിഗത ഇനങ്ങളിൽ ജൂനിയർ/സീനിയർ തിരിച്ച് മത്സരം ഉണ്ടായിരിക്കും. ജൂനിയർ 39 വയസ്സുൾപ്പെടെയും സീനിയർ 40 മുതൽ മുകളിലേയ്ക്കും ആയിരിക്കും.





വ്യക്തിഗത ഇനങ്ങളിലും പൊതുവായ ഇനങ്ങളിലും സീനിയർ 1, ജൂനിയർ 1 വീതം എൻട്രികൾ ഓരോ ഫൊറോനയിൽ നിന്നും 2 എൻട്രികൾ വീതം ആകാം. എല്ലാ മത്സരങ്ങളും ബൈബിൾ അധിഷ്ഠിതമായിരിക്കും. വ്യക്തിഗത ഇനങ്ങളിൽ ഒരാൾക്ക് 3 ഇനങ്ങളിൽ മാത്രമേ പങ്കെടുക്കാവൂ. ഗ്രൂപ്പിനത്തിന് സീനിയർ/ജൂനിയർ തിരിച്ചായിരിക്കുകയില്ല. വ്യക്തിഗത ഇനം മാത്രമേ വ്യക്തിഗത ചാമ്പ്യൻഷിപ്പിന് പരിഗണിക്കുകയുള്ളൂ.

**മത്സര ഇനങ്ങൾ**

**വ്യക്തിഗതം**

പ്രസംഗം - (5 മിനിറ്റ്) 5 മിനിറ്റ് മുമ്പ് വിഷയം നൽകും.

കവിതാപാരായണം -(5മിനിറ്റ്) നോക്കി പാടാൻ പാടില്ല. ബൈബിൾ പ്രമേയം

ലളിതഗാനം - ക്ലാസ്സിക്കൽ, സെമിക്ലാസ്സിക്കൽ പാടില്ല. 5 മിനിറ്റ്

മോണോ ആക്ട് - (5 മിനിറ്റ്) ബൈബിൾ ഭാഗം വ്യക്തമാക്കണം.

പ്രച്ഛന്നവേഷം - (5 മിനിറ്റ്) സെറ്റിംഗും ക്ലിയറിംഗും ഉൾപ്പെടെ. ബൈബിൾ ഭാഗം വ്യക്തമാക്കണം. കഥാപാത്രത്തിന്റെ ശബ്ദം ആകാം.

കവിതാരചന - (30 മിനിറ്റ്) ബൈബിൾ ഭാഗം വ്യക്തമാക്കണം

**ഗ്രൂപ്പ് ഇനങ്ങൾ**

പുത്തൻപാന ആലാപനമത്സരം - 7 പേരിൽ കൂടരുത് 5 പേരിൽ കുറയരുത്. 10 മിനിറ്റ്

ബൈബിൾ ദൃശ്യാവതരണം - (7 മിനിറ്റ്) 5 മിനിറ്റ് അവതരണം. 2 മിനിറ്റ് സെറ്റിംഗും ക്ലിയറിംഗും.

സമൂഹഗാനം - (7 മിനിറ്റ്) ബൈബിൾ പ്രമേയം 7 പേരിൽ കൂടരുത് 5 പേരിൽ കുറയരുത്.

**പൊതുവായ ഇനങ്ങൾ**

വചനസദ്യ -ബൈബിൾ വാക്യമെഴുതൽ, 10 മിനിറ്റുകൾകൊണ്ട് തന്നിരിക്കുന്ന വചനഭാഗവും പൂർണ്ണമായും വചനങ്ങളും ഏറ്റവും കൂടുതൽ എഴുതുന്നത് (POC ബൈബിൾ)

പെയിന്റിംഗ് - നല്കപ്പെടുന്ന ചിത്രം എല്ലാ നിറങ്ങളും ഉൾപ്പെടുത്തി വരയ്ക്കണം. 2 മണിക്കൂർ.

മെമ്മറി ടെസ്റ്റ്- ഒരുക്കിവച്ചിരിക്കുന്ന വസ്തുക്കൾ കാണാൻ 5 മിനിറ്റ്, എഴുതാൻ 25 മിനിറ്റ്

പൊതുവായ ഇനങ്ങൾ സീനിയർ,ജൂനിയർ തിരിച്ച് ആയിരിക്കും.

കവിതാരചന, വചനസദ്യ, മെമ്മറിടെസ്റ്റ്, പെയിന്റിംഗ്, എന്നീ മത്സരങ്ങൾ 2011 ഒക്ടോബർ 22-ാംതിയ്യതി രൂപതാ പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 10 മണിക്ക് നടത്തപ്പെടുന്നതാണ്.

**പൊതു നിബന്ധനകൾ**

1 പ്രവേശനം മാതൃസംഘാംഗങ്ങൾക്ക് മാത്രം. 2011 പ്രവർത്തനവർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകളും അംഗങ്ങളും മാത്രം. ക്രമവിരുദ്ധമായി കണ്ടാൽ അയോഗ്യരാക്കുന്നതാണ്.

2. മത്സരങ്ങളിൽ മൈക്ക് ഉപയോഗിക്കാൻ നൽകുന്നതല്ല. സി.ഡി/കാസറ്റ് പ്ലയർ കൊണ്ടുവരേണ്ടതാണ്. ആംപ്ലിഫയറിലേക്ക് പിൻ കരുതേണ്ടതാണ്

3. രജിസ്ട്രേഷൻ ഫീസ് (പൊതുവായ ഇനം 25 രൂപ. വ്യക്തിഗതം 15 രൂപ ഗ്രൂപ്പ് 50 രൂപ) അടയ്ക്കാതെ ഫൊറോന ലിസ്റ്റ് സ്വീകരിക്കുന്നതല്ല.

4. ഭക്ഷണം ആവശ്യമുള്ളവർ 2011 ഒക്ടോബർ 22 ന് രജിസ്ട്രേഷൻ നടത്തുമ്പോൾ എണ്ണവും തുകയും ഏൽപ്പിച്ചാൽ ക്രമീകരിക്കുന്നതാണ്.

5 ഫൊറോനകൾക്ക് ടീം മാനേജർമാർ ഉണ്ടായിരിക്കണം. മത്സര നടത്തിപ്പുമായുള്ള എല്ലാ കാര്യങ്ങൾക്കും ടീം മാനേജരാണ് ഓഫീസുമായി ബന്ധപ്പെടേണ്ടത്. മത്സരദിവസം രാവിലെ 9 മണിക്ക് ടീംമാനേജർ റിപ്പോർട്ട് ചെയ്ത് ചെസ്റ്റ് നമ്പറുകൾ സ്വീകരിക്കേണ്ടതാണ്.

6 പരാതികളുണ്ടെങ്കിൽ റിസൾട്ട് പ്രഖ്യാപിച്ചശേഷം 15 മിനിറ്റുകൾക്കുള്ളിൽ രേഖാമൂലം 200 രൂപ ഫീസോടുകൂടി ടീംമാനേജർ ഓഫീസിൽ പരാതിപ്പെടാം. ഫീസ് തിരിച്ചു നൽകുകയില്ല.

7 ഒരേ സമയം വിവിധ മത്സരങ്ങൾ നടക്കുന്നതാണ്. ഗ്രൂപ്പിനങ്ങളിലുള്ളവർ വ്യക്തിഗത ഇനങ്ങളിൽ മത്സരിക്കുന്നുണ്ടെങ്കിൽ സമയക്രമം അനുസരിച്ച് മത്സരിക്കേണ്ടതാണ്.

8 മത്സരക്കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും ജഡ്ജസിന്റെ വിധി തീർപ്പ് എല്ലാവരും അംഗീകരിക്കണം.

9. മത്സര സമയക്രമം കൃത്യമായി പാലിക്കണം.

10. ഫൊറോനയിൽ നിന്നുള്ള എൻട്രികൾ പ്രസ്തുത ഫോമിൽ പൂരിപ്പിച്ച് ഫൊറോന കോ-ഓഡിനേറ്റർ, പ്രസിഡന്റ്, മാനേജർ ഇവരുടെ ഒപ്പോടുകൂടി ഏല്പിക്കണം.





**ഡിബേറ്റ്**

രൂപതാതലത്തിൽ 2011 സെപ്തംബർ 21 ന് ഡിബേറ്റ് സംഘടിപ്പിക്കുന്നു. 7 പേർ അടങ്ങുന്ന ടീം. 6 പേർ അംഗങ്ങളായും ഒരാൾ ടീം ലീഡറായും പ്രവർത്തിക്കുന്നു. 45 മിനിറ്റ് മത്സര സമയം. 3 മിനിറ്റ് ടീം ലീഡറുടെ ആമുഖപ്രഭാഷണം. യൂണിറ്റ് സമാപനഅപഗ്രഥനം,ടീം ലീഡർ ടീമംഗങ്ങളെ നിയന്ത്രിക്കണം. പൊതുമോഡറേറ്ററുടെ റൂളിംഗ് അനുസരിക്കണം. പങ്കെടുക്കുന്ന ടീമുകൾ (ഫൊറോനയിൽ നിന്ന് 1 ടീം) സെപ്റ്റംബർ 1-ാം തീയതിയ്ക്കു മുമ്പ് രൂപതാ കേന്ദ്രത്തിൽ അറിയിക്കുക. അവരിൽ നിന്ന് നറുക്കിട്ടെടുക്കുന്ന ടീം തമ്മിൽ മത്സരിക്കും. അനുകൂലം/ പ്രതികൂലം നറുക്കിട്ടെടുത്ത് സെപ്റ്റംബർ 1-ാം തിയതി ടീമുകളെ അറിയിക്കും.

വിഷയം: കുടുംബബന്ധങ്ങളുടെ തകർച്ചയ്ക്ക് ഉത്തരവാദി ആര്?

കുടുംബങ്ങൾ- അനുകൂലം

മാധ്യമങ്ങളും പുറം ശക്തികളും- പ്രതികൂലം

**മിഷൻ ക്വിസ് - 2011**

2011 നവംബർ 6ന് ഞായറാഴ്ച യൂണിറ്റുകളിൽ നടത്തപ്പെടുന്ന മിഷൻ ക്വിസ്സിൽ എല്ലാ അമ്മമാരും പങ്കെടുക്കേണ്ടതാണ്.

പഠനഭാഗം : രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ Ad Gentes.

2. ഇവഞ്ചേലി നുൻഷ്യാന്തി. 3. റിഡംതോറിസ് മിസ്സിയോ, 4. അപ്പസ്തോല പ്രവർത്തനവും മിഷൻ പ്രവർത്തനവും. എസ്.എം.സി. പ്രേഷിത പ്രവർത്തന മാർഗ്ഗരേഖ. 5. എനിക്ക് സാക്ഷികളാകുവിൻ എസ്.എം.സി. മിഷൻബുക്ക് "Be my witness"

**സ്വാഗതം, നന്ദി**

പുതിയ ഫൊറോന കോ-ഓർഡിനേറ്റേഴ്സിന് സ്വാഗതം. താവളം - ഫാ. ബിജു കല്ലിങ്കൽ, വടക്കഞ്ചേരി - ഫാ. തോമസ് അരിശ്ശേരി, മംഗലംഡാം - ഫാ. ജോസ് ചെനിയറ, മേലാർക്കോട് - ഫാ. ജെയ്ജിൻ വെള്ളിയാംകണ്ടത്തിൽ, പാലക്കാട്- ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി. മാതൃസംഘത്തെ ഫൊറോനതലത്തിൽ ശക്തമായി നയിച്ച് സ്ഥാനമൊഴിഞ്ഞ കോ-ഓർഡിനേറ്റേഴ്സിന് നന്ദി.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം

# CWWC

## Akshaya project of CHAI

കാത്തോലിക് ഹോസ്പിറ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ക്ഷയരോഗബോധവല്ക്കരണ സെമിനാറുകൾ യൂണിറ്റുകളിൽ സംഘടിപ്പിക്കുന്നു.യൂണിറ്റുസെമിനാറുകൾക്ക് ചെലവാകുന്ന തുക ലഭ്യമാകുന്ന അക്ഷയ പ്രോജക്ട് പ്രകാരം യൂണിറ്റുകളിൽ ബോധവല്ക്കരണ ക്ലാസും കൂടെ സ്ത്രീശാക്തീകരണ ക്ലാസ്സുകളും സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കുക. ക്ലാസെടുക്കാൻ വിളിക്കുക. ശ്രീ. ബിനോയി 09809986755, CWWC രൂപത സെക്രട്ടറി ശ്രീമതി മിനി ഫ്രാൻസീസ് 09495529259.

**അധാർമ്മിക സ്വഭാവവൈകൃതങ്ങളുടെ അതിപ്രസരം**

ഈയടുത്ത കാലത്ത് പത്രമാധ്യമങ്ങളിലൂടെ വരുന്ന വാർത്തകളിൽ ലൈംഗിക സ്വഭാവവൈകൃതങ്ങളുടെ നീണ്ട നിരതന്നെയുണ്ട്. കൗമാരപ്രായക്കാരുടെ ഇടയിലുള്ള ഈ പുതിയ പ്രവണത ഇന്റർനെറ്റ്, ബ്ലൂഫിലിം, മൊബൈൽഫോണിന്റെ ദുരുപയോഗം, മാതാപിതാക്കളുടെ ശ്രദ്ധയില്ലായ്മ, മാനസിക പിരിമുറുക്കം എന്നിവയും ഇപ്രകാരമുള്ള കാര്യങ്ങളുടെയും പരിണതഫലമാണ്. ഈ മേഖലയിൽ ശ്രദ്ധപതിയേണ്ട സമയമായിരിക്കുന്നു.

**ഫാ. ജോർജ്ജ് പെരുമ്പിള്ളി**
ഡയറക്ടർ, CWWC



# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| സെപ്റ്റം | 04-09 | വൈദികരുടെ ധ്യാനം. ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| സെപ്റ്റം | 11 | ധ്യാനം ഇല്ല |
| സെപ്റ്റം | 18-23 | ആന്തരികസൗഖ്യ വളർച്ചാധ്യാനം. ഫാ. ബിനോയ് കരിമരുതിങ്കൽ |





| | | |
|---|---|---|
| സെപ്റ്റം | 25-30 | ആന്തരികസൗഖ്യ വളർച്ചാധ്യാനം. ഫാ. ബിനോയ് കരിമരുതിങ്കൽ |

50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 327710

**സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക**

sehionretratcentre.blogspot.com, sehiontelevision.blogspot.com

Sehion Website : www.sehion.org, www.sehionpriests.org

**സെഹിയോൻ കൺവെൻഷൻസ്**

സെപ്റ്റംബർ 18 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# പി. എസ്. എസ്. പി.

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

ജില്ലാ വിമൻസ്ഫെഡ് മീറ്റിംഗ് 3.08.2011 ന് ബുധനാഴ്ച കാലത്ത് പി.എസ്.എസ്.പി.യിൽ വച്ചു നടത്തുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിംഗുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 14.9.11 | ബുധൻ | മണ്ണാർക്കാട് | | 11.00am |
| 17.9.11 | ശനി | ആലത്തൂർ | F.C.C. വടക്കഞ്ചേരി | 11.00am |
| 21.9.11 | ബുധൻ | നെന്മാറ | പാരിഷ്ഹാൾ | 11.00am |
| 22.9.11 | വ്യാഴം | അട്ടപ്പാടി | ഗുളിക്കടവ് | 11.00am |
| 26.9.11 | തിങ്കൾ | പാലക്കാട്,മലമ്പുഴ | പാസ്റ്ററൽ സെന്റർ | 11.00am |
| 28.9.11 | തിങ്കൾ | ശ്രീകൃഷ്ണപുരം | ചുണ്ടേക്കാട് | 11.00am |

**റീജിയണൽ ഓഫീസ്**

| | | |
|---|---|---|
| 15.9.11 | കരിമ്പ പാരിഷ്ഹാൾ | 11.00am to 2.00pm |
| 17.9.11 | വടക്കഞ്ചേരി എഫ്.സി.സി. | 11.00am to 2.00pm |
| 20.9.11 | സാൻജോടവ്വർ | 11.00am to 2.00pm |
| 21.9.11 | നെന്മാറ പാരിഷ്ഹാൾ | 11.00am to 2.00pm |
| 22.9.11 | റീജിയണൽ ഓഫീസ് ഗൂളികടവ് | 11.00am to 2.00pm |

**LIC Micro Insurance.**

സാധാരണക്കാർക്ക് ദീർഘ വീക്ഷണത്തോടെ ഒരു സമ്പാദ്യം മുന്നിൽ കണ്ടുകൊണ്ട് കുറഞ്ഞ പ്രീമിയത്തിൽ ഒരു നിക്ഷേപ പദ്ധതി (ജീവൻ മധുർ) LIC മൈക്രോ ഇൻഷൂറൻസുമായി ചേർന്ന് പി.എസ്.എസ്.പി. നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. ചേരാനാഗ്രഹിക്കുന്നവരും ഏജന്റായി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവരും പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**മെഡിക്ലൈയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന ഒരു മെഡി ക്ലൈയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 300 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 450 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 600 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും, വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**EDP Training** – നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണ വിപണ പരിശീലനം (സോപ്പ്, സോപ്പുല്പ്പന്നങ്ങൾ):

സോപ്പ്, സോപ്പുല്പ്പന്നങ്ങൾ തുടങ്ങി വിവധതരം 10 ഉല്പ്പന്നങ്ങളുടെ നിർമ്മാണം, വിപണനം എന്നിവയിൽ രണ്ടുദിവസത്തെ പരിശീലനം 30 പഠിതാക്കളുള്ള സ്ഥലങ്ങളിൽ നടത്തുന്നു. ഈ മാസത്തെ പരിശീലനം സെപ്റ്റംബർ 22, 23 തിയ്യതികളിൽ (വ്യാഴം, വെള്ളി) ഗൂളിക്കടവ് റീജിയണൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു.

**കഴിഞ്ഞമാസം നടത്തിയ തൊഴിൽപരിശീലനങ്ങൾ**

| | | |
|---|---|---|
| ആഗസ്റ്റ് 1, 2 | വടശ്ശേരി | 28 അംഗങ്ങൾ |
| ആഗസ്റ്റ് 13 | വടക്കഞ്ചേരി, ചെറുപുഷ്പം | 30 അംഗങ്ങൾ |





**ഓണാഘോഷങ്ങൾ**

ഈ വർഷത്തെ ജില്ലാതല ഓണാഘോഷം പി.എസ്.എസ്.പി. ജില്ലാ വിമെൻസ്ഫെഡ് എന്നിവയുടെ നേതൃത്വത്തിൽ 06.09.2011 ചൊവ്വാഴ്ച പാസ്റ്ററൽ സെന്ററിൽവച്ച് വിവിധ പരിപാടികളോടെ നടത്തപ്പെടുന്നു. ആഘോഷത്തിന്റെ ഭാഗമായി അയൽക്കൂട്ടങ്ങളുടെ പൂക്കളമത്സരം, വടംവലി, കായിക മത്സരങ്ങൾ, ഓണസദ്യ എന്നിവ ഉണ്ടായിരിക്കും.

**ബ്ലോക്കുതല ഓണാഘോഷങ്ങൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 1.9.11 | വ്യാഴം | പാലക്കാട്, മലമ്പുഴ | സ്റ്റാർട്ട് ധോണി | 10.00am |
| 2.9.11 | വെള്ളി | നെന്മാറ | പാരിഷ്ഹാൾ | 10.00am |
| 3.9.11 | ശനി | അട്ടപ്പാടി | ഗൂളിക്കടവ് | 10.00am |
| 7.9.11 | ബുധൻ | മണ്ണാർക്കാട് | പൊന്നംകോട് പാരിഷ്ഹാൾ | 10.00am |
| 10.9.11 | ശനി | ശ്രീകൃഷ്ണപുരം | ഉമ്മനഴി സ്കൂൾ | 10.00am |
| 12.9.11 | തിങ്കൾ | ആലത്തൂർ | പാരിഷ്ഹാൾ | 10.00am |

**എൽ.ജി. ഉല്പന്ന വിതരണം (Life is good)**

എൽ.ജി. കമ്പനിയുടെ ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, ടി.വി. എൽ.സി.ഡി. എന്നിവ ഇടനിലക്കാരെ ഒഴിവാക്കി ജില്ലാഫെഡിന്റെ നേതൃത്വത്തിൽ കമ്പനി കുറഞ്ഞ വിലക്ക് വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

**യുവജനങ്ങൾക്ക് തൊഴിൽപരിശീലനം**

പത്താംക്ലാസ്സ് പഠനം പൂർത്തിയാക്കാൻ സാധിക്കാത്ത യുവതീയുവാക്കന്മാർക്ക് ഓർഗാനിക് ഫാമിംഗ് (പ്രകൃതി കൃഷി), ഫാഷൻ ഡിസൈനിംഗ്, ഫാബ്രിക് പെയ്ന്റിംഗ് & സാരീ വർക്സ്, പ്ലംബിംഗ്, കാറ്ററിംഗ് എന്നീ കോഴ്സുകളിൽ സൗജന്യപരിശീലനം നൽകുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റും സ്വന്തമായോ ഗ്രൂപ്പായോ സംരംഭങ്ങൾ തുടങ്ങാനാവശ്യമായ സാങ്കേതിക സഹായങ്ങളും ചെയ്തു തരുന്നതാണ്.

**കൂട്ടുബാധ്യതാ സംഘങ്ങൾ ഈമാസം കൂടെ**

ഒരേ രീതിയിലുള്ള കാർഷികവൃത്തിയിൽ ഏർപ്പെടുന്ന 5 പേർക്കായി ബാങ്ക്ലോണോടുകൂടെ പാട്ടകൃഷി നടത്തുന്നതിനുള്ള കൂട്ടുബാധ്യതാസംഘങ്ങൾക്ക് ഈ മാസവും ലോണിന് അവസരമുണ്ട്. തത്പരരായ കർഷ

കർ, കർഷിക സംഘങ്ങൾ ഉടനെ പി.എസ്.എസ്.പി.യുമായി ബന്ധപ്പെടുക.

**തെങ്ങിന്റെ ചങ്ങാതികൾ**

കേന്ദ്ര നാളികേര വികസന ബോർഡുമായി സഹകരിച്ചുകൊണ്ട് പി.എസ്.എസ്.പി. 18നും 40നും മദ്ധ്യേ പ്രായമുള്ള യുവതീയുവാക്കൾക്കായി തെങ്ങിന്റെ പരിചരണം, തെങ്ങുകയറ്റം, തെങ്ങ് ഒരുക്കൽ, തെങ്ങിലെ പോളിനേഷൻ തുടങ്ങിയ പ്രവർത്തനങ്ങളിൽ സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകുന്നു. തെങ്ങിന്റെ ചങ്ങാതിമാർ എന്നപേരിൽ രൂപീകരിക്കുന്ന വളന്റിയർ സേനയിലെ പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് തെങ്ങുകയറ്റ് യന്ത്രവും മൊബൈൽ ഫോണും നല്കുന്നതിനുപുറമെ ബൈക്ക് വാങ്ങുവാൻ ബാങ്ക് ഗ്യാരണ്ടിയും നൽകുന്നതാണ്. താല്പര്യമുള്ളവർ ഉടൻ പി.എസ്.എസ്.പി.യിൽ പേര് രജിസ്റ്റർ ചെയ്യുക.

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന് കീഴിൽ പീപ്പിൾസ് സർവ്വീസ് സൊസൈറ്റി പാലക്കാടിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് 2011-2012 സാമ്പത്തിക വർഷത്തിലെ സാങ്കേതിക തൊഴിൽ പരിശീലനങ്ങൾ വിവിധ പ്രദേശങ്ങളിൽ നടപ്പിലാക്കിവരുകയാണ്.

2011 ആഗസ്റ്റ് മാസം ആരംഭിച്ച പരീശീലനങ്ങൾ

1. ഡ്രസ്സ് മേക്കിംഗ്- ആര്യംപള്ളം
2. ഡ്രസ്സ് മേക്കിംഗ്- കിണാശ്ശേരി
3. ഫാബ്രിക് പെയ്ന്റിംഗ്- അയിലൂർ
4. പേപ്പർ പ്രോഡക്റ്റ്സ മേക്കിംഗ്- കടമ്പഴിപ്പുറം

**സ്വാതന്ത്ര്യദിനാഘോഷം നടത്തി.**

ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാടിന്റെ ആഭിമുഖ്യത്തിൽ കടമ്പഴിപ്പുറം സെന്റർ ഫോർ വിഷലി ചാലഞ്ച്ഡ് എന്നസ്ഥാപനവുമായി ചേർന്ന് ഇക്കൊല്ലത്തെ സ്വാതന്ത്ര്യദിനം സമുചിതമായ പരിപാടികളോടെ ആഘോഷിച്ചു. കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. രവീന്ദ്രനാഥ് ദേശീയ പതാക ഉയർത്തി. തുടർന്ന് ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. മധുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ വെച്ച് ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാടിന്റെ തൊഴിൽ പരിശീലന പരിപാടിയുടെ ഉദ്ഘാടനം കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. രവീന്ദ്രനാഥ് നിർവ്വഹിച്ചു. പാലക്കാട് ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. പി.എസ്. അബ്ദുൾഖാദർ മുഖ്യ അതിഥിയായിരുന്നു. ജെ.എസ്.എസ് ചെയർമാൻ ഫാ. ജേക്കബ് മാവുങ്കൽ പേപ്പർബാഗ് നിർമ്മാണം, വാഴനാരുൽപ്പാദനം & വാഴനാരുൽപ്പന്ന





നിർമ്മാണം എന്നീ പ്രൊജക്ട്ടുകൾ ജില്ലാപഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് പ്രതിനിധികൾക്ക് കൈമാറി. ജെ.എസ്.എസ് ഡയറക്ടർ ശ്രീ. കെ.ഡി ജോസഫ് വിവിധ തൊഴിൽ പരിശീലനങ്ങളെക്കുറിച്ച് വിശദീകരിച്ചു. കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. രജനി മെമ്പർ ശ്രീ നാരായണൻ, സി.ഡി.എസ്. ചെയർപേഴ്സൺ ശ്രീമതി അംബുജാക്ഷി എൻ.എ.ബി. സെക്രട്ടറി ശ്രീ.പ്രേമചന്ദ്രൻ ജെ.എസ് എസ്. പ്രോഗ്രാം ഓഫീസർ ശ്രീ.എ.വി രാധാകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു. ശ്രീ. പി.വി. ചന്ദ്രൻ സ്വാഗതവും ശ്രീമതി പ്രമീള നന്ദിയും രേഖപ്പെടുത്തി.

**ക്യാമ്പസ് ഇന്റർവ്യൂ സംഘടിപ്പിച്ചു.**

ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാടിന്റെ കീഴിൽ തയ്യൽ പരിശീലനം പൂർത്തികരിച്ചവർക്കായി ക്യാമ്പസ് ഇന്റർവ്യൂ സംഘടിപ്പിച്ചു. 2011 ആഗസ്റ്റ് 16 ന് ജെ.എസ്.എസ് ഓഫീസിൽ വെച്ച് നടത്തിയ ക്യാമ്പസ് ഇന്റർവ്യൂവിൽ നിന്നും കഞ്ചിക്കോട് പ്രവർത്തിക്കുന്ന ബാഗ് നിർമ്മാണ സ്ഥാപനത്തിന്റെ ഭാഗമായി ധോണിയിൽ ആരംഭിച്ച യൂണിറ്റിലേക്ക് 14 പേരെ തെരഞ്ഞെടുത്തു.

# കെ.എൽ.എം. പാലക്കാട്

**കെ.എൽ.എം. സുരക്ഷ**

**അസംഘടിത തൊഴിലാളികളുടെ സാമൂഹികസുരക്ഷാ പദ്ധതി**

നമ്മുടെ രാജ്യത്തെ തൊഴിലാളികളിൽ 94 ശതമാനം പേരും അസംഘടിത തൊഴിലാളികളാണെന്നാണ് കേന്ദ്രസർക്കാരിന്റെ സ്ഥിതിവിവരക്കണക്കുകൾ വിവരിക്കുന്നത്. ആവശ്യമായ നിയമപരിരക്ഷ,തൊഴിൽ സുരക്ഷ, സാമൂഹിക സുരക്ഷ എന്നീ സംരക്ഷണങ്ങൾ ഇല്ലാത്ത തൊഴിലാളിവിഭാഗങ്ങളെയാണ് അസംഘടിത തൊഴിലാളികൾ എന്ന് വിളിക്കുന്നത്.

ഈ വിഭാഗം തൊഴിലാളികളുടെ വാർദ്ധക്യകാല സുരക്ഷ, കുടുംബസുരക്ഷ, അപകടസുരക്ഷ എന്നിവ പരിരക്ഷിക്കുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ സമന്വയിപ്പിച്ചുകൊണ്ട് വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ സഹായത്തോടെ കെ.എൽ.എം നടപ്പിലാക്കുന്ന അസംഘടിത തൊഴിലാളികൾക്ക് വേണ്ടിയുള്ള സാമൂഹിക പാക്കേജാണ് കെ.എൽ.എം. സുരക്ഷ

**അംഗത്വം.**

ഈ പാക്കേജിൽ 18 വയസ്സുമുതൽ 54 വയസ്സുവരെയുള്ള അസംഘടിത തൊഴിലാളികൾക്ക് അംഗത്വം എടുക്കാവുന്നതാണ്. എന്നാൽ അവർക്ക് സർക്കാരിന്റെ പി.എഫ് പദ്ധതിയിൽ അംഗത്വമുണ്ടായിരിക്കാൻ പാടില്ല.

**ആനുകൂല്യങ്ങൾ**

അപകടമരണത്തിന് 85,000 രൂപ

സാധാരണ മരണത്തിന് 40,000 രൂപ

സമ്പൂർണ്ണായ അവശതയ്ക്ക് 85,000 രൂപ വരെ

60 വയസ്സുമുതൽ ആയുഷ്ക്കാല പെൻഷൻ

60 വയസ്സിൽ നിക്ഷേപതുകയുടെ 60 ശതമാനം വരെ പിൻവലിക്കാം. എന്നാൽ 1000 രൂപ പ്രതിമാസ പെൻഷൻ ലഭിക്കാൻ വേണ്ട തുക അക്കൗണ്ടിൽ നില നിറുത്തേണ്ടതാണ്.

പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നയാൾ മരണപ്പെട്ടാൽ കുടുംബപെൻഷൻ ലഭിക്കും. കുടുംബ പെൻഷൻ ആവശ്യമില്ലാത്തവർക്ക് അക്കൗണ്ടിലുള്ള തുക തിരികെ ലഭിക്കും.

പെൻഷൻ അക്കൗണ്ടിലേക്ക് പ്രതിവർഷം 1000 രൂപ കേന്ദ്രസർക്കാർ വിഹിതം ലഭ്യമാകും.

**വിഹിതം :** പ്രതിമാസം കുറഞ്ഞത് 100 രൂപ വീതം പരമാവധി പ്രതിമാസം 1000 രൂപ വരെ

പ്രതിവർഷം 150 രൂപ ഇൻഷുറൻസിലേയ്ക്കും ബാക്കിയുള്ളത് പെൻഷൻ ഫണ്ടിലേയ്ക്കും അടക്കുന്നു.

**രജിസ്ട്രേഷൻ**

കെ.എൽ.എം. സുരക്ഷയുടെ അപേക്ഷാഫോറം, പെൻഷന്റെ രണ്ട് അപേക്ഷാ ഫോറങ്ങൾ എന്നിവ പൂരിപ്പിച്ചു നൽകണം. കൂടാതെ പാസ്പോർട്ട് സൈസ് കളർ ഫോട്ടോയുടെ മൂന്നു കോപ്പികൾ, വോട്ടേഴ്സ് ഐഡി കാർഡിന്റെ കോപ്പി, ജനനതീയതി, മേൽവിലാസം എന്നിവ തെളി യിക്കുന്ന രേഖയുടെ കോപ്പി എന്നിവ വേണം.

എല്ലാ അംഗങ്ങൾക്കും പ്രാൺ (പെർമനെന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ) കാർഡ് ലഭിക്കുന്നതാണ്. പെൻഷൻ ഫണ്ടിന്റെ പരാതിപരിഹാര സെല്ലിന്റെ ടോൾ ഫ്രീ നമ്പർ: 1800 222080. തത്പരരായ വികാരിമാർ, സ്ഥാപനഡയറ ക്ടർമാർ മറ്റുള്ളവർ കെ.എൽ.എം പി.എസ്.എസ്.പി ഓഫീസുമായി ബന്ധ പ്പെടുക.

ഫോൺ. 0491 2527784,2520395

കേരള ലേബർ മൂവ്മെന്റ്

സംസ്ഥാന ഓഫീസ് : അമൂല്യ സ്ട്രീറ്റ് കച്ചേരിപ്പടി എറണാകുളം 682 018

www.keralalabour.org, e-mail: keralalabourmovement2010@gmail.com Ph.0484-2395646

**ഫാ. ജേക്കബ് മാവുങ്കൽ**

എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.





# From the Bishop's Diary

**2011 ജൂലൈ**

27 – മലമ്പുഴയിലെ സ്ഥാപനങ്ങൾ സന്ദർശിച്ചു.

28 – കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ ബ്ര. സനോജ് മുണ്ടപ്ലാക്ക ലിന് ഡീക്കൻപട്ടം നൽകി.

– കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ ബിഷപ്സ് ഡേ ആഘോഷ ത്തിൽ സംബന്ധിച്ചു.

29 – പാലക്കാട് മേഴ്സി ഹോമിൽ മാനസിക രോഗികൾക്കുവേണ്ടിയുള്ള 'മാനസ' പുനഃരധിവാസ പദ്ധതി ഉദ്ഘാടനം ചെയ്തു.

30 – പാസ്റ്ററൽ സെന്ററിൽവച്ചുനടന്ന റെഗുലർ സ്കൂൾ പ്രധാനാധ്യാപക കോൺഫറൻസിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– മാതൃസംഘം അർദ്ധവാർഷിക ജനറൽബോഡി മീറ്റിംഗിൽ സംബ ന്ധിച്ചവർക്ക് സന്ദേശം നൽകി.

– മുട്ടികുളങ്ങര ഹോളിഫാമിലി ജനറലേറ്റിൽ സി. എൽസി റാഫേലിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

31 – പന്തലാംപാടം സെന്റ് അൽഫോൻസാ നഗറിൽ പുതുതായി നിർമ്മിച്ച കപ്പേള വെഞ്ചരിച്ചു.

**2011 ആഗസ്റ്റ്**

1 – വള്ളിയോട് സെന്റ് മേരീസ് പോളിടെക്നിക് കോളേജിലെ അധ്യാ പകർക്ക് സന്ദേശം നൽകി.

– പൊൽപ്പുള്ളി സെറാഫിക് കോൺവെന്റിൽ സി. അൽവേർണിയ മേരിയുടെ മൃതദേഹ സംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

– പാലക്കാട് പാലന ആശുപത്രിയിൽ Neonatal ICU വെഞ്ചരിച്ചു.

3 – കാക്കനാട് മൗണ്ട് സെന്റ് തോമസിൽ Synodal Commission for Cat- echism മുൻ ചെയർമാൻ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന് നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– മുണ്ടൂർ യുവക്ഷേത്രയിൽ പ്രീ-കാനാ കോഴ്സിൽ സംബന്ധിച്ച വർക്ക് സന്ദേശം നൽകി.

- മൈലംപുള്ളി ഹോളിഫാമിലി നൊവീഷ്യേറ്റിലെ നൊവീസ്സസിന് ക്ലാസ്സെടുത്തു.

4 - ഒലിപ്പാറയിൽ ബഹു. ജോർജ്ജ് എടത്തലയച്ചന്റെ മാതാവിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

- കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഐ.ടി.സിയുടെ അക്കാഡമിക് ഇയർ ഉദ്ഘാടനം ചെയ്യുകയും ജോലി ലഭിച്ചവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും ചെയ്തു.

- പാലാംപറ്റ സെന്റ് ജോൺ മരിയ വിയാനി ദൈവാലയത്തിലെ തിരുനാളിൽ സന്ദേശം നൽകി.

- താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികർക്കായുള്ള ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

5 - കരിമ്പ ലിറ്റിൽ ഫ്ളവർ ദൈവാലയം സന്ദർശിച്ചു.

6 - വടക്കഞ്ചേരി ലൂർദ്ദ് മാതാ ഫൊറോന ദൈവാലയത്തിൽ ഹോളിഫാമിലി സന്യാസ സമൂഹത്തിലെ സി. ജോവീന, സി. ആൻ ക്രിസ്റ്റ, സി. തെരേസ് പോൾ എന്നിവരുടെ പ്രഥമവ്രതവാഗ്ദാനത്തിലും സഭാവസ്ത്രസ്വീകരണത്തിലും സി. ഫീർമൂസ്, സി. ദെയോഗ്രാഷ്യാസ്, സി. ക്രിസ്റ്റലിൻ, സി. ലില്ലിയാൻ എന്നിവരുടെ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളിലും മുഖ്യകാർമ്മികത്വം വഹിച്ചു.

7 - നെല്ലിയാംപതി മൗണ്ട് കാർമ്മൽ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. സീതാർക്കുണ്ട് സെന്റ് മേരീസ് ദൈവാലയം സന്ദർശിച്ചു.

8 - തായിക്കാട്ടുകര മൗണ്ട് കാർമ്മൽ ജനറലേറ്റിൽ ജൂനിയർ സിസ്റ്റേഴ്സിന് സന്ദേശം നൽകി.

- കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കെ.സി.ബി.സി. ആഭിമുഖ്യത്തിൽ നടത്തിയ ദൈവശാസ്ത്ര പണ്ഡിതരുമൊത്തുള്ള Colloquium-ത്തിൽ സംബന്ധിച്ചു.

9-12 കാക്കനാട് മൗണ്ട് സെന്റ് തോമസിൽവച്ചുനടന്ന കെ.സി.ബി.സി. ധ്യാനത്തിൽ സംബന്ധിച്ചു.

9 - ആർച്ചുബിഷപ്പ് കൊർണേലിയൂസ് എലഞ്ഞിക്കലിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ സംബന്ധിച്ചു.

13 - പാസ്റ്ററൽ സെന്ററിൽ കൈക്കാരന്മാരുടെയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെയും സംയുക്ത സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.





14 - നെന്മാറ ക്രൈസ്റ്റ് ദ കിംഗ് ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. വി. കുർബാനയർപ്പിച്ചു.

15 - പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ രൂപതാതല പ്രേഷിത വർഷം ഉദ്ഘാടനം നിർവ്വഹിച്ചു.

- മുണ്ടൂർ സെന്റ് അൽഫോൻസാ ദൈവാലയം കൂദാശ ചെയ്ത് കുട്ടികൾക്ക് പ്രഥമദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു.

16 - നിര്യാതനായ അഡ്വ. ഗൗരീശങ്കറിന്റെ വീട്ടിൽചെന്ന് ആദരാഞ്ജലികൾ അർപ്പിച്ചു.

- വളമംഗലം സേക്രട്ട് ഹാർട്ട് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

17-27 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ-മലബാർ സഭാ സിനഡിൽ സംബന്ധിച്ചു.

21 - കൊടുങ്ങല്ലൂർ മാർത്തോമാ നഗറിൽ സീറോ-മലബാർ സഭയുടെ സഭാതല പ്രേഷിതവർഷ ഉദ്ഘാടനത്തിൽ മറ്റു മെത്രാന്മാരോടൊപ്പം സംബന്ധിച്ചു.

29 - കോട്ടയം അതിരൂപതയുടെ ശതാബ്ദി ആഘോഷത്തിൽ സംബന്ധിച്ചു.